പതിനാലാം കേരള നിയമസഭ

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2018 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2018 ജൂൺ 20-ാം തീയതി സമർപ്പിച്ചത്**
**(Presented on 20th June 2018)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

സബ്ജക്ട് കമ്മിറ്റി X

(SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2018 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1148/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 24 |

# സബ്ജക്ട് കമ്മിറ്റി X

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (2016-2018)

## ഘടന

ചെയർമാൻ:

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. എൻ. എ. ഖാദർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016-18 കാലയളവിലേയ്ക്കുള്ള സബ്ജക്ട് കമ്മിറ്റി X, 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 3-4-2017, 11-4-2017 11-5-2017, 22-5-2017, 5-7-2017, 11-10-2017, 27-12-2017, 14-2-2018, 15-2-2018, 20-2-2018, 26-3-2018 എന്നീ തീയതികളിലായി സമിതി 11 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3-4-2017, 11-4-2017 എന്നീ തീയതികളിലെ യോഗങ്ങൾ 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായും 14-2-2018, 15-2-2018, 20-2-2018 എന്നീ തീയതികളിലെ യോഗങ്ങൾ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കും, മറ്റ് ആറ് യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. മേൽപ്പറഞ്ഞ സമിതിയോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 50% ആയിരുന്നു. ഈ റിപ്പോർട്ട് 5 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ സാധുകരണം നൽകിയ എസ്. ആർ. ഒ.-കൾ എന്നിവയുടെ വിശദാംശങ്ങളും മൂന്നാം ഭാഗത്ത് ചട്ടം 235(1)(iii) പ്രകാരം ചേർന്ന യോഗങ്ങളുടെ വിവരങ്ങളും നാലാം ഭാഗത്ത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ, ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച സമിതിയുടെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങളും അഞ്ചാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവ നടപ്പിലാക്കിയതു സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി പരിഗണിച്ചതുമായ മറുപടികളും

ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2018 ജൂൺ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2018 ജൂൺ 12.

# റിപ്പോർട്ട്

## ഭാഗം I

## സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളും

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി യഥാക്രമം 3-4-2017, 14-2-2018, 15-2-2018 എന്നീ തീയതികളിൽ യോഗം ചേർന്ന് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ആയത് സംബന്ധിച്ച റിപ്പോർട്ട് യഥാക്രമം 11-4-2017, 20-2-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ അംഗീകരിക്കുകയും ചെയ്തു. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതിയും, 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 26-ാം തീയതിയും സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XVII — വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

മേജർ ഹെഡ് - 3435

എക്കോളജിയും എൻവയോൺമെന്റും

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജലവിതരണവും ശുചീകരണവും

മേജർ ഹെഡ് 2215-02-106 വായുജല മലിനീകരണം തടയൽ

190 (98) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ധനാഭ്യർത്ഥന നമ്പർ XXXIV — വനം

ധനാഭ്യർത്ഥന നമ്പർ XLII — വിനോദസഞ്ചാരം

(2) 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2017 മേയ് 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2017 മേയ് 23-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2017 മേയ് 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2017 മേയ് 23-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(4) സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 11-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(5) സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 20-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2018 ഫെബ്രുവരി 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ഭാഗം II

### I. കരട് ചട്ടങ്ങളുടെ പരിശോധന

സമിതിയുടെ 5-7-2017-ലെ യോഗം താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

വനംവന്യജീവി വകുപ്പ്

(i) കേരള ആവശ്യസാധനങ്ങൾ കടത്തിക്കൊണ്ട് പോകൽ

(ക്രമപ്പെടുത്തൽ) ഭേദഗതി ഉത്തരവ് - 2016

(ഫയൽ നമ്പർ 3532/സബ്.സി.എഫ്1/17/നി.സെ.)

പരിസ്ഥിതി വകുപ്പ്

(ii) The Kerala Water (prevention & control of pollution) Amendment Rules, 2017.

(ഫയൽ നമ്പർ 127/സബ്.സി.എഫ്1/17/നി.സെ.)

(iii) The Kerala Air (prevention & control of pollution) Amendment Rules, 2017.

(ഫയൽ നമ്പർ 127/സബ്.സി.എഫ്1/17/നി.സെ.)

**II. എസ്.ആർ.ഒ.യുടെ സാധൂകരണം**

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിച്ച "The Kerala Tourism Service (Amendment) Special Rules, 2017 " (എസ്.ആർ.ഒ. നമ്പർ 424/2017) 2017 ഡിസംബർ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

## ഭാഗം III

## ചട്ടം 235 (1) (iii) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ സംബന്ധിച്ച വിശദാംശം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം സമിതി 11-10-2017-ൽ യോഗം ചേർന്ന് "വനസംരക്ഷണ സമിതികളുടെ ശാക്തീകരണം" എന്ന വിഷയം സംബന്ധിച്ചും 27-12-2017-ൽ യോഗം ചേർന്ന് "ഇരവികുളം ദേശീയോദ്യാനം-വികസനവും സാധ്യതകളും" എന്ന വിഷയത്തിന്മേലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

## ഭാഗം IV

**I. ചട്ടം 236 (5)പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ**

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 16 മുതൽ 20 വരെയുള്ള ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ യഥാസമയം സമിതിക്ക് സമർപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റുകൾ 2017 മേയ് 23-ാം തീയതി ബഹു. മുഖ്യമന്ത്രി സഭയിൽ സമർപ്പിച്ചു.

## II. ചട്ടം 236 (6)പ്രകാരം സഭയുടെ മേശപ്പുറത്തു വച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശം

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തുവച്ച തീയതി |
|---|---|---|
| 2016-17 | XXXIV-വനം | 22-8-2017 |
| | XLII-വിനോദസഞ്ചാരം | 6-2-2018 |

ഭാഗം V

**I. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2016 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചതിനുശേഷം സർക്കാരിൽനിന്നും ലഭ്യമായ മറുപടികൾ 2017 മേയ് 22-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

ശിപാർശ

3435-60-800-99—പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ഓപ്പറേഷണൽ കോസ്റ്റായി ചെലവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും കരാർ അടിസ്ഥാനത്തിൽ ആയതിനായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ഈ ഇനത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന് കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലായി 2 മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും അവ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ വേണ്ട ജോലി ഇല്ല എന്ന് വിലയിരുത്തിയ സാഹചര്യത്തിൽ ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടതില്ല എന്ന് ബോധ്യപ്പെട്ടിരുന്നു. പിന്നീട് 1-4-2017-ൽ ഈ രണ്ട് മേഖലാ ഓഫീസുകൾ സ.ഉ.(കൈ) നമ്പർ 3/2017/പരി. എന്ന ഉത്തരവ് പ്രകാരം നിർത്തലാക്കുകയും ചെയ്തു. ആയതിനാൽ ഈ ശിപാർശയിന്മേൽ നടപടി ആവശ്യമില്ല.

ശിപാർശ

2406-02-110-59-31—ശമ്പളം -(നോൺ പ്ലാൻ)

2406-02-110-59-36—ശമ്പളേതരം -(നോൺ പ്ലാൻ)

കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് (കെ.എസ്.ബി.ബി.) സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ, ചെയർമാൻ, എക്സ്പേർട്ട് കൺസൾട്ടന്റ് എന്നിവർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്നു. ആകയാൽ 2406-02-110-59-31-ശമ്പളം എന്ന ശീർഷകത്തിൽ 67.60 ലക്ഷം രൂപയും 2406-02-110-59-36-ശമ്പളേതരം എന്ന ശീർഷകത്തിൽ 18.35 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയേതരയിനങ്ങളിൽ ആകെ 85.95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

ശമ്പളവും അനുബന്ധ ചെലവുകളും വഹിക്കുന്നതിന് പദ്ധതിയേതര ഇനത്തിൽ തുക ആവശ്യാനുസരണം കണ്ടെത്തുന്നുണ്ട്. മാത്രവുമല്ല, മേൽപ്പടി ഇനങ്ങളിൽ തുക അപര്യാപ്തമാണെന്ന് കണ്ട സാഹചര്യത്തിൽ പിന്നീട് ടി ശീർഷകങ്ങളിൽ ആനുപാതികമായ അധികതുക വകയിരുത്തിയിട്ടുമുണ്ട്.

<u>ശിപാർശ</u>

3435-04-104-97—<u>കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം-കോട്ടയം</u>

കോട്ടയത്തെ പുതിയ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കുക, ഗവേഷണത്തിന് ആവശ്യമായ ലബോറട്ടറി സ്ഥാപിക്കുക, ഗവേഷണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക, പരിശീലന പദ്ധതികൾ നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

5 കോടി രൂപയുടെ എസ്.ഡി.ജി.-യ്ക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും ടി തുക അനുവദിച്ചിട്ടില്ലായിരുന്നു. എന്നാൽ 3435-04-104-98-ക്ലൈമറ്റ് ചേഞ്ച് എന്ന ശീർഷകത്തിൽ കാലാവസ്ഥ വ്യതിയാനവും പകർച്ചവ്യാധികളും സംബന്ധിച്ച സാമ്പിൾ പഠനത്തിന് 31.30 ലക്ഷം രൂപയുടെ ഭരണാനുമതിയും തുകയും 29-5-2015-ലെ സ.ഉ. (സാധാ.) നമ്പർ 73/2015/പരി. പ്രകാരം അനുവദിച്ചിട്ടുണ്ട്. ഓഫീസ് ഫർണിച്ചർ, ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് 18.59 ലക്ഷം രൂപ 3435-04-104-98 എന്ന ശീർഷകത്തിൽ 29-3-2016-ലെ സ.ഉ.(സാധാ.) നമ്പർ 47/2016/പരി. പ്രകാരം അനുവദിച്ചിട്ടുണ്ട്. സ്ഥിരമായ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭിച്ചിട്ടില്ലായെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

ശിപാർശ

3435-04-103-96—അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന സ്കീമിൽ വരുന്ന കെട്ടിടനിർമ്മാണം, ബോർഡിന്റെ കീഴിലുള്ള ലബോറട്ടറികളുടെ നവീകരണം, കമ്പ്യൂട്ടറൈസേഷൻ, എൻ.എ.ബി.എൽ. അംഗീകാരം നേടൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 391.35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2014-15-ലെ തുടർ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ തുക 2015-16-ലെ വിഹിതത്തിൽനിന്നും ബോർഡ് കണ്ടെത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ അധിക വിഹിതം വർദ്ധിപ്പിച്ച് നൽകേണ്ടതായി വരുന്നില്ല.

നോൺ പ്ലാൻ

ശിപാർശ

2215-02-190-98—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

(01)10—സംഭാവന

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിനു പുറമേ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും പ്രവർത്തിക്കുന്നതായും എറണാകുളം ജില്ലയിൽ മേഖലാ ഓഫീസിനു പുറമേ മൂന്ന് ജില്ലാ ഓഫീസുകളും പ്രവർത്തിക്കുന്നതായും ഇതിൽ എറണാകുളം ഏലൂർ-എടയാർ മേഖലയിലെ ജില്ലാ ഓഫീസ് എൻവയോൺമെന്റൽ സർവയലൻസ് സെന്ററായും പ്രവർത്തിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും ഭരണചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ, പദ്ധതിയേതരയിനത്തിൽ 2013.34 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ ശമ്പളവും ഭരണ ചെലവുകളും ബോർഡിന്റെ സ്വന്തം ഫണ്ടിൽനിന്ന് കണ്ടെത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ അധികവിഹിതം വർദ്ധിപ്പിച്ച് നൽകേണ്ടതായി വരുന്നില്ല.

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 11-5-2017, 22-5-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
[2016-17]

ശിപാർശ

4406-01-101-99 (1)—വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും)

കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.01% വനമേഖലയാണ്. വനസമ്പത്ത് കയ്യേറുന്നതിൽ നിന്ന് സംരക്ഷണം നൽകേണ്ടത് ഫലപ്രദമായ വനപരിപാലനത്തിന് അനിവാര്യമാണ്. വനാതിർത്തിയിലെ കരിങ്കൽ ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണം, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനം, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഇക്കോ സംരക്ഷണ പ്രവർത്തനങ്ങൾ, വനവൽക്കരണ ജോലികളിൽ യന്ത്രവല്ക്കരണം, വനാതിർത്തികളുടെ സർവ്വേ, കേടുവന്ന ജണ്ടകളുടെ അറ്റകുറ്റപ്പണി എന്നിവയാണ് ഈ വിഭാഗത്തിൽ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളെന്ന് സമിതി മനസ്സിലാക്കുന്നു. പുതുതായി 2500 ജണ്ടകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള 5000 ജണ്ടകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 25 കി.മീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനും നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച 2500 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

4406-01-800-91—പരിസ്ഥിതി വിനോദസഞ്ചാരം

കോഴിക്കോട് ജില്ലയിലെ സംരക്ഷണ പാർക്ക്, മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കാപ്രിക്കോട് ബയോളജിക്കൽ പാർക്ക് കോഴിക്കോട് ചാലിയത്തുള്ള ഔഷധ സസ്യസംരക്ഷണ കേന്ദ്രം നെടുമ്പാശ്ശേരിയിലെ ജൈവ വൈവിധ്യ പ്ലാന്റായ സുവർണ്ണോദയം കോന്നിയിലെ ആദിവാസി ഇക്കോ ടൂറിസം തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം എന്നിവയുടെ പ്രവർത്തനങ്ങൾക്കും തെന്മല, ആതിരപ്പിള്ളി തുടങ്ങിയ വന്യമൃഗങ്ങൾ ധാരാളമുള്ള സ്ഥലങ്ങളിൽ ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും, വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിശ്രമസങ്കേതങ്ങൾ സജ്ജമാക്കുന്നതിനും, വനപൈതൃക സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും, ഇക്കോട്ടൂറിസം സെന്ററുകളെ ബന്ധിപ്പിക്കുന്ന ഇടറോഡുകൾ നവീകരിക്കുന്നതിനും തദ്ദേശവാസികളുടെയും വനസംരക്ഷണ സമിതികളുടെയും പങ്കാളിത്തത്തോടെ കൂടുതൽ പ്രദേശങ്ങൾ ഇക്കോ-ടൂറിസം കേന്ദ്രങ്ങളാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ അനുവദിച്ച 820 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-800-56—മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

വന്യജീവികൾ, പ്രത്യേകിച്ചും ആനകൾ, കടുവകൾ, കാട്ടുപന്നികൾ, കരടികൾ, വിഷ പാമ്പുകൾ എന്നിവ വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും കന്നുകാലികൾക്കും കാർഷിക വിളകൾക്കും നാശനഷ്ടമുണ്ടാക്കുന്നു. വന്യമൃഗങ്ങളെ തടയുന്നതിനായി ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നീ പ്രതിരോധങ്ങൾ നിർമ്മിക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ വിളനാശമോ ജീവഹാനിയോ അപകടമോ സംഭവിക്കുന്നവർക്ക് അടിയന്തര നഷ്ടപരിഹാരം നൽകുന്നതിനും, വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ആവശ്യമായ മേച്ചിൽ സ്ഥലങ്ങളും

തീറ്റയും ഏർപ്പെടുത്തി ഇവ വനത്തിന് പുറത്തേയ്ക്ക് പോകുന്നത് തടയുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച 757 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

അധിക തുക വകയിരുത്തിയിട്ടില്ല.

<u>നോൺ പ്ലാൻ</u>

<u>ശിപാർശ</u>

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന വിവിധ ശീർഷകങ്ങളിൽ 27.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| ക്രമ നമ്പർ | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ചീഫ് കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 9.68 |
| 2 | 2406-01-001-98 സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 2.58 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 4.52 |
| 4 | 2406-01-001-95 ജില്ലാ ആഫീസുകൾ 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 10.39 |
| | **ആകെ** | **27.17** |

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

ക്രമനമ്പർ-4 പ്രകാരമുള്ള ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ റ്റി.) നമ്പർ 613/17/Fin. തീയതി 26-1-2017 പ്രകാരം ധനപുനർവിനിയോഗം മുഖേന 14.71 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

വനം വകുപ്പ് ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന 97.01 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങളിൽ 40.49 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| ക്രമ നമ്പർ | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ചീഫ് കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 10.64 |
| 2 | 2406-01-001-98 സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 3.95 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 04(1) യാത്രാബത്ത | 1.68 |
| 4 | 2406-01-001-96 വിജിലൻസും വിലയിരുത്തലും വിഭാഗം 04(1) യാത്രാബത്ത | 13.22 |
| 5 | 2406-01-001-95 ജില്ലാ ആഫീസുകൾ 04(1) യാത്രാബത്ത | 11.00 |
| | **ആകെ** | **40.49** |

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-001-99—ചീഫ് കൺസർവേറ്ററുടെ ആഫീസ് -05 (2)-വൈദ്യുത ചെലവ്

ചീഫ് കൺസർവേറ്ററുടെ ആഫീസിലെ വൈദ്യുത ചെലവിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2406-01-99-05 (2) വൈദ്യുതി ചെലവ് ഇനത്തിൽ ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപയാണ് അനുവദിച്ചത്. കൂടാതെ അഡീഷണൽ ഓതറൈസേഷൻ വഴി G.O. (Rt.)5481/2016/Fin., dated 12-7-2016 പ്രകാരം 85 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. ടി തുക 2-ാം ബാച്ച് എസ്.ഡി.ജി. മുഖേന ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ G.O. (Rt.)2560/2017/Fin., dated 27-3-2017 പ്രകാരം 11 ലക്ഷം രൂപ ധന പുനർവിനിയോഗം മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2406-01-070-98—കെട്ടിടങ്ങൾ-18-അറ്റകുറ്റപ്പണികൾ

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-59-31—ശമ്പളം (നോൺ പ്ലാൻ)

2406-02-110-59-36—ശമ്പളേതരം (നോൺ പ്ലാൻ)

കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് (കെ.എസ്.ബി.ബി.) ചെയർമാൻ, എക്സ്പെർട്ട് സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഈ

സാമ്പത്തികവർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ 2402-02-110-59-31- ശമ്പളം എന്ന ശീർഷകത്തിൽ 68.39 ലക്ഷം രൂപയും, 2406-02-110-59-36- ശമ്പളേതരം എന്ന ശീർഷകത്തിൽ 12.93 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയേതരയിനങ്ങളിൽ ആകെ 81.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ടി ശീർഷകങ്ങളിൽ നടപ്പു സാമ്പത്തികവർഷം 2406-02-110-59-31—ശമ്പളം(നോൺപ്ലാൻ) എന്ന ശീർഷകത്തിൽ 79.31 ലക്ഷം രൂപയും2406-02-110-59-36—ശമ്പളേതരം (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 14.15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് ആനുപാതികമായി കൂടുതൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ മുൻ ശിപാർശ ഇപ്പോൾ പ്രായോഗികമായി സ്വീകരിച്ചതായി കരുതാം.

<u>ശിപാർശ</u>

3435-60-800-99—<u>പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ</u>

പരിസ്ഥിതി വകുപ്പിന് കീഴിൽ 2007-ൽ സ്ഥാപിതമായ പരിസ്ഥിതി പരിപാലന ഏജൻസി, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റായി ഉയർത്തപ്പെട്ടു. Wet Land Conservation & Management Rules 2010 പ്രകാരമുള്ള Wet Land Nodal Agency കൂടിയാണ് ഈ കാര്യാലയം. ഡയറക്ടറേറ്റിന്റെയും കോട്ടയം, കോഴിക്കോട് ജില്ലകളിലെ മേഖലാ ആഫീസുകളിലെയും ജീവനക്കാരുടെ ശമ്പളം കെട്ടിടങ്ങൾക്കുള്ള വാടക എന്നിവ നൽകുന്നതിനും ഫർണിച്ചർ, ആഫീസ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 150 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ വിശദമായി പരിശോധിച്ച്, അധികമായി ശിപാർശ ചെയ്ത തുക ഇപ്പോൾ ആവശ്യമില്ലായെന്ന് വകുപ്പ് അദ്ധ്യക്ഷൻ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

ശിപാർശ

3435-04-103-97—സംസ്ഥാന സമഗ്രമാതൃകാ മാലിന്യസംസ്കരണ പദ്ധതി

സംസ്ഥാനത്ത് ദ്രുതഗതിയിലുള്ള നഗരവൽക്കരണവും, മാറിയ ജീവിത സാഹചര്യങ്ങളും നഗരപ്രദേശങ്ങളിലെ ജനസംഖ്യാവർദ്ധനവും വർദ്ധിച്ച തോതിലുള്ള മാലിന്യ നിക്ഷേപത്തിനും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നു. ഖര/ദ്രവ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാതൃകാ പ്ലാന്റ് സ്ഥാപിക്കാൻ ചുമതലപ്പെടുത്തിയ NIIST-യ്ക്ക് രണ്ടാമത്തെ തവണ തുക നൽകുന്നതിനും സമഗ്ര മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 100 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ NIIST സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി DoECC യിലെ ഡയറക്ടറും മറ്റ് ഉദ്യോഗസ്ഥരും ചർച്ച നടത്തുകയുണ്ടായി. 1 കോടി രൂപ കഴിഞ്ഞവർഷം അനുവദിച്ചിരുന്നുവെങ്കിലും എഗ്രിമെന്റ് പ്രകാരം ചെയ്യാമെന്ന് ഉറപ്പുനൽകിയിരുന്ന പൈലറ്റ് പ്ലാന്റ് ഇതുവരെ പ്രാവർത്തിക മാക്കിയിട്ടില്ലെന്ന് മാത്രമല്ല ഇതുവരെ ചെലവഴിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല അതുകൊണ്ടുതന്നെ NIIST-യ്ക്ക് കൂടുതൽ തുക അനുവദിക്കേണ്ടതില്ലെന്ന് പരിസ്ഥിതി ഡയറക്ടറേറ്റ് അഭിപ്രായപ്പെട്ടതിനാൽ അധികതുക അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു

ശിപാർശ

3435-04-103-96—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനായി ഈ നടപ്പുവർഷം 950 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതി കാലയളവിൽ ബോർഡ് ചുവടെ ചേർത്തിരിക്കുന്ന 3 പുതിയ പദ്ധതികൾ ലക്ഷ്യമിടുന്നു:

1. പരിസ്ഥിതി മ്യൂസിയവും പരിശീലനകേന്ദ്രവും — 200 ലക്ഷം രൂപ

2. ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള പൊതു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കേന്ദ്രസഹായത്തിന്റെ സംസ്ഥാന വിഹിതം — 200 ലക്ഷം രൂപ

3. അപകടകാരികളായ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കേന്ദ്രപദ്ധതിയുടെ സംസ്ഥാന വിഹിതം

50 ലക്ഷം രൂപ

ആകെ 450 ലക്ഷം രൂപ

ആയതിനാൽ മേൽപ്പറഞ്ഞ മൂന്ന് പദ്ധതികൾക്കുമായി 3435-04-103-96- എന്ന ശീർഷകത്തിൽ 450 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

കഴിഞ്ഞ സാമ്പത്തികവർഷം 2016-17-ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അനുവദിച്ച തുക 950 ലക്ഷം രൂപ മുഴുവൻ ഉപയോഗിച്ചിട്ടില്ലാത്തതാകുന്നു. ബാക്കി തുക Elams 04/17 പ്രകാരം പോസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തികവർഷം ടി ശീർഷകത്തിൽ 1111 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ കൂടുതൽ വകയിരുത്തിയിരിക്കുന്നതിനാലും കഴിഞ്ഞ സാമ്പത്തികവർഷം മുഴുവൻ തുകയും വിനിയോഗിക്കാത്തതിനാലും അധിക തുക അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

<u>ശിപാർശ</u>

3452-01-102-89—<u>കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യ വിമുക്ത മേഖലയാക്കൽ</u>

സംസ്ഥാനത്ത് നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് പുറമെ പുതിയ 5 ടൂറിസ്റ്റ് കേന്ദ്രങ്ങൾ കൂടി 2016-17 കാലയളവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും, ഇതിലേയ്ക്ക് പുതിയ തൊഴിലാളികളുടെ സേവനം ആവശ്യമായതിനാലും, ആനുപാതികമായ വേതന വർദ്ധനവ് അനുവദിക്കേണ്ടിവരും എന്നതിനാലും ഈ ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി ലഭിച്ച 400 ലക്ഷം രൂപയുടെ പദ്ധതികൾക്കു പുറമേ ടി പദ്ധതികളുടെ തുടർ നടത്തിപ്പിന് അധികമായി

ആവശ്യമായി വന്ന 11.60 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന സർക്കാർ അനുവദിച്ചു. മുൻവർഷങ്ങളിലെന്നപോലെ ശീർഷകത്തിൽ കൂടുതൽ പദ്ധതികൾ ആവശ്യമായി വരുമെന്ന ധാരണയോടുകൂടിയാണ് അധികമായി 400 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ടി തുകയ്ക്കുള്ള പ്രൊപ്പോസലുകൾ ലഭിക്കാത്തതിനാൽ അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-104-98-34—ടൂറിസം വിപണനവും പ്രോത്സാഹനവും - 34 -മറ്റ് ചെലവുകൾ

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിര സ്ഥാനം നിലനിർത്തുന്നതിനും, ദേശീയ, അന്തർദേശീയ തലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നൂതന വിനോദസഞ്ചാര വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ പദ്ധതി കാലയളവിൽ വകുപ്പ് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനായി കേരള ടൂറിസത്തിന്റെ വെബ്സൈറ്റ്, പുതിയ പ്ലാറ്റ്ഫോമുകൾക്കും (ഉദാ. മൊബൈൽ, ഐപാഡ്, ലാപ്ടോപ്പ് മുതലായവ) അനുഗുണമായ രീതിയിൽ ഉടച്ചുവാർക്കുന്നതിനും സോഷ്യൽ മീഡിയ വഴിയുള്ള നൂതനങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2016-17 -ബഡ്ജറ്റ് വിഹിതമായ 3500 ലക്ഷം രൂപയുടെ പദ്ധതികൾക്ക പുറമേ ആവശ്യമായി വന്ന 100 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. അധികമായി ശിപാർശ ചെയ്ത 1500 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാനുള്ള സമയം ഇല്ലാതിരുന്നതിനാൽ അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-104-97—കേരള ടൂറിസം-പ്രോത്സാഹനവും വിപണനവും

കേരള ടൂറിസം ബ്രാൻഡിംഗ് ശക്തിപ്പെടുത്തുന്നതിനും, പുതിയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനും, അവിടങ്ങളിൽ ഫലപ്രദമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, വളർന്നുവരുന്ന മാർക്കറ്റുകളായ അമേരിക്ക, ആസ്ട്രേലിയ, ചൈന, ജപ്പാൻ, റഷ്യ, ഉക്രൈൻ, സൗദിഅറേബ്യ, ദുബായ്, മലേഷ്യ, അയർലൻഡ് തുടങ്ങിയ രാജ്യങ്ങളിൽ

കൂടുതൽ ഫലപ്രദമായ രീതിയിൽ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കൂടുതൽ ദേശീയ അന്തർദേശീയ ടൂറിസം ഫെയറുകളും, റോഡ് ഷോകളും സംഘടിപ്പിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 1650 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 850 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

2016-17-ലെ ബഡ്ജറ്റ് വിഹിതമായ 1650 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുകയും എന്നാൽ ശിപാർശ ചെയ്ത അധികം തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സമയം ഇല്ലാതിരുന്നതിനാൽ അധികം തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

3452-80-800-97—<u>വിനോദസഞ്ചാര സ്ഥാപനങ്ങളുടെ നവീകരണത്തിനും ശക്തിപ്പെടുത്തുന്നതിനും ഒരു ആസൂത്രണ വിലയിരുത്തൽ വിഭാഗം സ്ഥാപിക്കുന്നതിനും</u>

കേരളത്തിലെത്തുന്ന വിദേശ സഞ്ചാരികളുടെ വരവിനനുസരിച്ച് അന്തർദേശീയ നിലവാരത്തിൽ ടൂറിസം കേന്ദ്രങ്ങളെ ആധുനികവൽക്കരിക്കേണ്ടത് അനിവാര്യമാണ്. ആയതിനായി ടൂറിസം വകുപ്പിനു കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, യാത്രീ നിവാസുകൾ, കേരളാ ഹൗസുകൾ, കേരളത്തിനകത്തും പുറത്തുമുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് അധിക തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2016-17-ലെ ബഡ്ജറ്റ് വിഹിതമായ 165 ലക്ഷം രൂപയുടെ പദ്ധതികൾക്കു പുറമേ അധികം ആവശ്യപ്പെട്ട തുകയുള്ള പദ്ധതികൾ ഇല്ലാതിരുന്നതിനാൽ അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-800-90(26)-33—സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം-സബ്സിഡി

ടൂറിസം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ ചുവടുപിടിച്ച് ടൂറിസം പദ്ധതികളുടെ അതിവേഗ ക്ലിയറൻസ് സംവിധാനം, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവേദം ഹോം സ്റ്റേ സംരംഭകർക്ക് വിദേശീയവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സബ്സിഡി സമ്പ്രദായം രൂപപ്പെടുത്തുന്നതിനും 2013-14 മുതലുള്ള ഇൻവെസ്റ്റ്മെന്റ്/ഇലക്ട്രിസിറ്റി സബ്സിഡികൾ അനുവദിക്കുന്നതിനുമായി 15 കോടിയോളം രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പ് വർഷത്തേക്ക് അനുവദിച്ച 50 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 1450 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ 2013-14 മുതലുള്ള ഇൻവെസ്റ്റ്മെന്റ്/ഇലക്ട്രിസിറ്റി സബ്സിഡി അനുവദിക്കുന്നതിന് 1450 ലക്ഷം രൂപ അധികമായി ശിപാർശ ചെയ്തു. എന്നാൽ ബഡ്ജറ്റ് വിഹിതമായ 50 ലക്ഷം രൂപ ഉപയോഗിക്കാത്തതിനാൽ അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-800-34—ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം

കേരളത്തിലെ എല്ലാ ജില്ലകളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും, അതുമായി ബന്ധപ്പെട്ട് ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നതിനും ടൂറിസത്തെ മറ്റ് വികസന പദ്ധതികളുമായി ബന്ധപ്പെടുത്തുന്നതിനും, ടൂറിസം പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിനും 'റെസ്പോൺസിബിൾ ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം' കേരളത്തിലെ മുഴുവൻ ഹോട്ടലുകളിലും ഹോംസ്റ്റേകളിലും നടപ്പിലാക്കുന്നതിനും, ഉത്തരവാദിത്ത ടൂറിസം പദ്ധതിയെക്കുറിച്ചുള്ള അവബോധം ടൂർ ഓപ്പറേറ്റർമാർക്ക് (വിദേശ-സ്വദേശം) നൽകുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 110 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 110 ലക്ഷം രൂപയുടെ പദ്ധതിയിൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ചെലവഴിക്കാൻ സാധിച്ചത്. ആയതിനാൽ ശിപാർശ ചെയ്ത അധികം തുക അനുവദിച്ചിട്ടില്ല

ശിപാർശ

5452-01-800-84—മുസിരിസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്കും സ്പൈസ് റൂട്ട് പദ്ധതിക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി 1800 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക തുലോം അപര്യാപ്തമായതിനാൽ പദ്ധതിയുടെ തുടർന്നുള്ള സുഗമമായ നടത്തിപ്പിന് ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 1800 ലക്ഷം രൂപയുടെ പദ്ധതികളിൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് പൂർത്തീകരിച്ചത്. ആയതിനാൽ ശിപാർശ ചെയ്ത അധികം തുക അനുവദിച്ചിട്ടില്ല

ശിപാർശ

5452-01-800-87—അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ കേരളത്തിനകത്ത് 25 ഗസ്റ്റ് ഹൗസുകളും 3 യാത്രീ നിവാസുകളും കേരളത്തിനു പുറത്ത് 2 കേരളാ ഹൗസുകളും പ്രവർത്തിച്ചുവരുന്നു. പുതുതായി ഏതാനും യാത്രീനിവാസുകൾ സജ്ജമാക്കുന്നതിനും, സുൽത്താൻ ബത്തേരി, മൂന്നാർ, പൊന്മുടി, കോഴിക്കോട് എന്നിവിടങ്ങളിലെ പുതുതായി പണിയുന്ന ബ്ലോക്കുകളുടെ പണി പൂർത്തീകരിക്കുന്നതിനും, പുരാതനവും പ്രാധാന്യമർഹിക്കുന്ന 12 ഗസ്റ്റ് ഹൗസുകളുടെയും പ്രധാനപ്പെട്ട ഗസ്റ്റ് ഹൗസുകളായ തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, ആലപ്പുഴ, ചെറുതുരുത്തി എന്നിവ ഉൾപ്പെടെ 25 ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കുമായി അനുവദിച്ചിരിക്കുന്ന 1000 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതമായ 1000 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുകയും എന്നാൽ ശിപാർശ ചെയ്ത അധികം തുകയുള്ള പദ്ധതികൾ പ്രസ്തുത സാമ്പത്തിക വർഷം നടപ്പിലാക്കുവാനുള്ള സമയം ഇല്ലാത്തതിനാൽ അധികം തുക അനുവദിച്ചിട്ടില്ല.

നോൺ പ്ലാൻ

ശിപാർശ

3452-01-103-99—ടൂറിസ്റ്റ് ഗതാഗതം-05-ഓഫീസ് ചെലവുകൾ

ബഹു. മന്ത്രിമാർക്കും പ്രതിപക്ഷനേതാവ്, മറ്റ് വി.ഐ.പി., വി.വി.ഐ.പി. എന്നിവർക്കും നൽകുന്നതിനായുള്ള ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച 4.74 ലക്ഷം രൂപ പര്യാപ്തമല്ലെന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ 1.26 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി 3 ലക്ഷം രൂപ കൂടി അധികമായി ലഭിച്ചു ഈ കണക്കിനത്തിലെ ആകെ ചെലവ് 5,26,000 രൂപ എന്നാൽ SDG വഴി ഈ ഇനത്തിൽ തുകകൾ അനുവദിച്ചിട്ടില്ല.

ശിപാർശ

3452-01-103-99—ടൂറിസ്റ്റ് ഗതാഗത സേവനം

21-2-മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച 144.15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 15.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

3452-01-103-99—ടൂറിസ്റ്റ് ഗതാഗത സേവനം-21-2-മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1,43,90,441 രൂപയാണ്. ആകയാൽ അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-01-103-99—<u>ടൂറിസ്റ്റ് ഗതാഗത സേവനം-45-പി.ഒ.എൽ.</u>

ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങൾക്ക് ഇന്ധനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 140 ലക്ഷം രൂപ പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 60 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ആകെ ചെലവ് 1,36,45,398 രൂപയാണ്. ആകയാൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-80-001-99- 34 (3)—<u>മറ്റ് ചെലവുകൾ-മറ്റിനം</u>

സർക്കാരിന്റെ വിശിഷ്ടാതിഥികൾ, മറ്റ് അതിഥികൾ എന്നിവരുടെ താമസം, ഭക്ഷണം, വാഹനം എന്നിവയ്ക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി 96,20,000 രൂപ അധികമായി ലഭിച്ചതുൾപ്പെടെ ചെലവ് 1,68,18,856 രൂപ. എന്നാൽ SDG വഴി ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല

ശിപാർശ

3452-80-001-97—റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ആഫീസുകൾ

ടൂറിസം വകുപ്പിന് കീഴിലുള്ള 3 റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെ സാധന സാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

3452-80-001-97-24—സാധന സാമഗ്രികൾ— 49,000 രൂപ

3452-80-001-97-34—മറ്റ് ചെലവുകൾ — 2.5 ലക്ഷം രൂപ

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ തുക അധികമായി അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-001-96—ജില്ലാ ആഫീസുകൾ

ടൂറിസം വകുപ്പിനു കീഴിലുള്ള 11 ജില്ലാ ഓഫീസുകളിലെ യാത്രാചെലവ്, ടെലഫോൺ ചാർജ് എന്നീ ഇനങ്ങളിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

3452-80-001-96- 04—യാത്രാചെലവ് — 2.5 ലക്ഷം രൂപ

3452-80-001-96- 05 -3—ടെലഫോൺ ചാർജ് — 5.00 ലക്ഷം രൂപ

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

യാത്രാചെലവ് ഇനത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി 38,000 രൂപ അധികമായി അനുവദിച്ചു. ആകെ ചെലവ് 1,69,949 രൂപ. ടെലഫോൺ ചാർജ് ഇനത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി 75,000 രൂപ അധികമായി അനുവദിച്ചു. ആകെ ചെലവ് 1,80,924 രൂപ, ഈ കണക്കിനങ്ങളിൽ SDG വഴി തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീ നിവാസുകളും, ടൂറിസ്റ്റ് ലോഡ്ജുകളും

34—മറ്റ് ചെലവുകൾ

ടൂറിസം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗസ്റ്റ് ഹൗസിനു വേണ്ട സാധന സാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ 15 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചു. ആകെ ചെലവ് 44,97,936 രൂപ. SDG വഴി തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-104-98—ടൂറിസം വിപണനവും പ്രോത്സാഹനവും

08—പരസ്യം, പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ

ഓണം വാരാഘോഷത്തിനും മറ്റ് ആഘോഷ പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

## 11-3-2014-ലെ യോഗ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്

ശിപാർശ

വന്യമൃഗങ്ങൾ വനത്തിന് പുറത്ത് ജനവാസമുള്ള പ്രദേശങ്ങളിൽ കടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽതന്നെ വെള്ളവും ഭക്ഷണവും ലഭ്യമാകുന്ന വിധത്തിൽ തടയണകൾ നിർമ്മിക്കുന്നതിനും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വന്യജീവി പരിപാലനത്തിൽ "എഡ്ജ് എഫക്ട് (Edge Effect) നിർണ്ണായക പങ്ക് വഹിക്കുന്നു. ഇറസ്സായ വന പാർശ്വങ്ങളോടുള്ള സസ്യഭുക്കുകളായ വന്യജീവികളുടെ പ്രത്യേക താല്പര്യംമൂലം ആ ഭാഗത്തേക്ക് മാംസഭുക്കുകളും ആകർഷിക്കപ്പെടുന്നു. വന്യജീവികളുടെ ഈ സ്വഭാവ വിശേഷം, അവ വനത്തിന് പുറത്തേക്കുള്ള കൃഷിയിടങ്ങളിലേക്കും ആകർഷിക്കപ്പെടുന്നതിന് കാരണമാകുന്നു. വനത്തിനുള്ളിൽതന്നെ ആവശ്യമായ "എഡ്ജ് എഫക്ട് " സംജാതമാക്കുന്നതിലൂടെ വനത്തിന് പുറത്തേയ്ക്കുള്ള വന്യജീവികളുടെ നീക്കം കുറയ്ക്കാൻ സാധ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഭക്ഷണത്തിനു പുറമെ മൃഗങ്ങൾക്ക് അവശ്യം വേണ്ടതായ ജലലഭ്യത വനത്തിനുള്ളിൽത്തന്നെ ഉറപ്പുവരുത്തുന്നതിലൂടെ വന്യമൃഗങ്ങളെ ഉൾവനത്തിൽ നിലനിർത്താൻ സാധിക്കുന്നു. സ്വാഭാവികമായുള്ള നദികൾക്കും ചെറിയ അരുവികൾക്കും തടാകങ്ങൾക്കും പുറമെ ചെക്ക് ഡാമുകൾ, ജല സംഭരണികൾ എന്നിവ നിർമ്മിച്ചുവരുന്നു. ഇപ്രകാരം വനത്തിനുള്ളിൽ 417 ചെക്ക് ഡാമുകൾ നാളിതുവരെ നിർമ്മിച്ചിട്ടുണ്ട്.

ഇതു കൂടാതെ പുനലൂർ ഡിവിഷനിൽ ഏകദേശം രണ്ടായിരത്തോളം ഫലവൃക്ഷത്തൈകളും നോർത്ത് വയനാട് ഡിവിഷനിലെ മാനന്തവാടി റെയ്ഞ്ചിൽ 5 ഹെക്ടർ സ്ഥലത്ത് പ്ലാവ്, മാവ്, നെല്ലി, പേര, ഞാവൽ തുടങ്ങി 5500 ഫലവൃക്ഷത്തൈകളും സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയ്ഞ്ചിൽ പാതിരി സൗത്ത് സെക്ഷനിലെ വനപ്രദേശത്ത് പ്ലാവ്, മാവ്, നെല്ലി, പേര, ഞാവൽ തുടങ്ങി 1470 ഫലവൃക്ഷത്തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ഡിവിഷനിൽ, താമരശ്ശേരി റെയ്ഞ്ചിൽ NAP സ്കീമിൽ 10 ഹെക്ടർ സ്ഥലത്ത് പേര, നെല്ലി, ഞാവൽ തുടങ്ങിയവയും, കാസർഗോഡ് ഡിവിഷനിൽ NAP സ്കീമിൽ 76 ഹെക്ടർ സ്ഥലത്ത് പുളി, താന്നി, കുടംപുളി, നെല്ലി, സീതപ്പഴം തുടങ്ങിയവയും കണ്ണൂർ ഡിവിഷനിലെ കൊട്ടിയൂർ റെയ്ഞ്ചിൽ 26 ഹെക്ടർ സ്ഥലത്ത് നെല്ലി, കുടംപുളി, താന്നി തുടങ്ങിയവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2014-15-ൽ വാഴച്ചാൽ ഡിവിഷനിൽ 29 ഹെക്ടർ സ്ഥലത്ത് ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ഇപ്പോൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി കോതമംഗലം ഡിവിഷനിൽ പ്ലാവ്, മാവ്, ചാമ്പ എന്നിവയുടെ തൈകൾ ഉല്പാദിപ്പിച്ചിട്ടുണ്ട്.

വനത്തിന് ദോഷകരമായ കളകളുടെ നിർമ്മാർജ്ജനം, വിസ്റ്റാ ക്ലിയറൻസ് (Vista Clearance), നിയന്ത്രിതമായ തീയിടൽ (Controlled Burning) എന്നിവ ഒരു പരിധിവരെ ഫലവൃക്ഷങ്ങളുടെയും വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ മറ്റു സസ്യങ്ങളുടെയും വളർച്ചയ്ക്ക് വഴിയൊരുക്കുന്നു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2018 ജൂൺ 12.

അനുബന്ധം

## 3-4-2017-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017 ഏപ്രിൽ 3-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'VA' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സമിതി അംഗം ശ്രീ. റോജി എം. ജോൺ, എം.എൽ.എ. എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
2. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ശ്രീമതി കെ. സരസ്വതി അമ്മ, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
4. ശ്രീമതി സാധന എസ്. നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ബി. എസ്. പ്രീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. എം. രഘുദാസൻ, അഡീഷണൽ ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
7. ശ്രീ. വി. എസ്. സതീഷ്, പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്.

സമിതി, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ വിവിധ ഹെഡ്ഡുകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XLII

### വിനോദസഞ്ചാരം

2017-18-ലെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ 345.23 കോടി രൂപയും, പദ്ധതിയേതര ഇനത്തിൽ 103.02 കോടി രൂപയുമാണ് വിനോദ സഞ്ചാര മേഖലയ്ക്കുവേണ്ടി ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

5452-01-101-99—<u>അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും</u>

2016-17-ൽ 150 കോടി രൂപ വകയിരുത്തിയിരുന്ന മൂന്ന് പദ്ധതികൾ ഈ പദ്ധതിയോടൊപ്പം സംയോജിപ്പിച്ചിരിക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും, അവ മെച്ചപ്പെടുത്തുന്നതിനുമായി 4000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

5452-01-190-98—<u>ടൂറിസം ഇൻഫ്രാസ്ട്രക്ചർ ക്ലിപ്തം (കേരള ) (കെ.റ്റി.ഐ.എൽ.)</u>

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സ്ഥാപിതമായ കെ.റ്റി.ഐ.എൽ.-ന് കേരളത്തിന്റെ ടൂറിസം മേഖലയുടെ ആവശ്യങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായുള്ള നൂതന നിക്ഷേപ, വികസന, സംയുക്ത സംരംഭ മാതൃകകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 33 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

5452-01-190-96—<u>ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.)</u>

ബേക്കലിന്റേയും സമീപ പ്രദേശങ്ങളിലെയും വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരംഭിച്ച ബേക്കൽ റിസോർട്ട് വികസന കോർപ്പറേഷൻ നടപ്പുവർഷം ഉത്തര മലബാർ മേഖലയിലെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാനും ചെറുകിട/ഇടത്തരം സംരംഭകരെ ആകർഷിക്കുന്നതിനും ബേക്കൽ/ഉത്തര മലബാറിലേക്ക് വർദ്ധിച്ച തോതിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പദ്ധതികളുടെ തുടർനടത്തിപ്പും

ലക്ഷ്യമിടുന്നവയെന്നും ആയതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 560 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3452-80-800-90(26)—<u>സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം</u>

33—<u>സബ്സിഡികൾ</u>

ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവേദ ഹോം സ്റ്റേ, സംരംഭകർക്ക് വിദേശവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സബ്സിഡി സമ്പ്രദായം രൂപപ്പെടുത്തുന്നതിനും, ഇൻവെസ്റ്റ്മെന്റ്/ഇലക്ട്രിസിറ്റി സബ്സിഡികൾ യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 3000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>നോൺപ്ലാൻ</u>

3452-01-103-99—<u>ടൂറിസ്റ്റ് ഗതാഗത സേവനം</u>

ജീവനക്കാർക്കുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ ആലുവ ഗസ്റ്റ് ഹൗസിലെ ഷോഫർമാരുടെ യാത്രാബത്ത 2 ലക്ഷത്തോളം രൂപ കുടിശ്ശികയായതിനാൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വകുപ്പിന് കീഴിലുള്ള വാഹനങ്ങളുടെ വിവിധ ചെലവിനങ്ങൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി 3 ലക്ഷം രൂപയും പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 19.71 ലക്ഷം രൂപയും വാഹനങ്ങൾക്ക് ഇന്ധനം വാങ്ങുന്നതിനായി 54.44 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3452-80-001-99—<u>ഭരണവും നടത്തിപ്പും</u>

വകുപ്പിലുള്ള പാർട്ട്ടൈം കണ്ടിൻജന്റ്, ദിവസവേതന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.40 ലക്ഷം രൂപയും തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലെ വെള്ളക്കരം 106 ലക്ഷം രൂപ കുടിശ്ശിക അടയ്ക്കേണ്ടതുള്ളതിനാൽ അനുവദിച്ച തുകയ്ക്ക് പുറമേ 110 ലക്ഷം

രൂപയും എറണാകുളം ജോയിന്റ് ഡയറക്ടർ ഓഫീസിലെ കെട്ടിടനികുതി കുടിശ്ശിക തീർക്കുന്നതിനായി 2.65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർക്കാരിന്റെ വിശിഷ്ടാതിഥികൾ, മറ്റ് അതിഥികൾ എന്നിവരുടെ താമസം, ഭക്ഷണം, വാഹനം എന്നിവയ്ക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വകുപ്പിന് കീഴിലുള്ള 3 റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെ വെള്ളക്കരം അടയ്ക്കുന്നതിനും, സാധനസാമഗ്രികൾ വാങ്ങുന്നതിനും ഈ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ വെള്ളക്കരം ഇനത്തിൽ 1.88 ലക്ഷം രൂപയും സാധനസാമഗ്രികൾ ഇനത്തിൽ 49,000 രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ടൂറിസം വകുപ്പിനു കീഴിലുള്ള 11 ജില്ലാ ആഫീസുകളിലെ യാത്രാബത്ത, ടെലഫോൺ ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ യഥാക്രമം 1.35 ലക്ഷം രൂപ, 1.10 ലക്ഷം രൂപ, 2 ലക്ഷം രൂപ വീതം അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടൂറിസം വകുപ്പിനു കീഴിലുള്ള ഗസ്റ്റ് ഹൗസുകളുടെ കെട്ടിടനികുതി അടയ്ക്കുന്നതിനായി ഈ ഇനത്തിൽ 2 ലക്ഷം രൂപയും തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ ഭക്ഷണസാധനസാമഗ്രികൾ വാങ്ങുന്നതിനായി 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഓണം വാരാഘോഷത്തിനും മറ്റ് ആഘോഷ പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും ചെന്നൈ, മുംബൈ, കൽക്കത്ത, ഡൽഹി, മൈസൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടൂറിസം ഇൻഫർമേഷൻ ഓഫീസുകളിലെ ദിവസവേതനം, ടെലഫോൺ ചാർജ്ജ് എന്നീ ഇനങ്ങളിൽ നടപ്പ് സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ദിവസ വേതനയിനത്തിൽ 95000 രൂപയും ടെലഫോൺ ചെലവുകൾക്കായി 2.60 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2017 ഏപ്രിൽ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017 ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IVB' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും സമിതി അംഗമായ ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ. യും സന്നിഹിതരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

സമിതി, 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

നിലവിലുള്ള ഖണ്ഡിക 6 താഴെപ്പറയും പ്രകാരം മാറ്റം വരുത്തുന്നതിനും തുടർന്ന് താഴെപ്പറയുന്ന ശിപാർശ ഖണ്ഡിക 7 ആയി ചേർക്കുവാനും തീരുമാനിച്ചു. തുടർന്നുള്ള ഖണ്ഡികകൾ പുനരക്കം ചെയ്ത് ക്രമപ്പെടുത്തുന്നതിനും നിർദ്ദേശിച്ചു

"വന്യമൃഗങ്ങളുടെ ആക്രമണംമൂലം വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെയും കന്നുകാലികളുടെയും ജീവനും വിളകൾക്ക് നാശനഷ്ടവും സംഭവിക്കുന്നത്, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന വൻ വിപത്തായി മാറുന്നുവെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത വർദ്ധിച്ചുവരികയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ജനവാസമേഖല യിലേയ്ക്കും കൃഷിഭൂമിയിലേയ്ക്കും വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് വനാതിർത്തി കളിൽ ആനക്കിടങ്ങുകൾ, ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്ന തിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു".

(ഖണ്ഡിക 7)

"വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന തുക പരിമിതമായതിനാൽ ആയത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പ്രസ്തുത തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു".

ഖണ്ഡിക 30-ലെ മൂന്നാമത്തെ വരിയിൽ '50 ലക്ഷം' എന്നത് '100 ലക്ഷം' എന്ന് മാറ്റുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 11-5-2017-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017 മേയ് 11-ാം തീയതി, വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ തദവസരത്തിൽ ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
3. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
4. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

2. ശ്രീ. ജെയിംസ് വർഗ്ഗീസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

3. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

4. ശ്രീ. കെ. എസ്. ഗോവിന്ദൻ നായർ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

5. ശ്രീ. കെ. ജെ. വർഗ്ഗീസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.)

6. ശ്രീ. റ്റി. എ. തങ്കപ്പൻ, ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

7. ശ്രീമതി പത്മ മഹന്തി, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് & ക്ലൈമറ്റിക് ചേഞ്ചസ്

8. ഡോ. ജോർജ് ചാക്കച്ചേരി, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ചസ് ആന്റ് സ്റ്റഡീസ് (ഐ.സി.സി.എസ്.)

9. ശ്രീമതി കെ. സരസ്വതി അമ്മ, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്

10. ശ്രീമതി വി. വൽസ, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

11. ശ്രീമതി യു. ആർ. ശോഭ, ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് & ക്ലൈമാറ്റിക് ചേഞ്ചസ്.

സമിതിയുടെ ഒന്നാമത് (2016-17) റിപ്പോർട്ടിലെ ശിപാർശകളിലെ വനം-വന്യജീവി, വിനോദ സഞ്ചാരം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ ഒന്നാമത് (2016-17) റിപ്പോർട്ടിലെയും അഞ്ചാമത് (2015-16) റിപ്പോർട്ടിലെയും പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട യഥാക്രമം ഖണ്ഡിക നമ്പർ 8 മുതൽ 11, ഖണ്ഡിക നമ്പർ 16 മുതൽ 20 വരെയുമുള്ള ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരായുകയും ആയത് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

## 22-5-2017-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017 മേയ് 22-ാം തീയതി, തിങ്കളാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 3.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ തദവസരത്തിൽ ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
5. ശ്രീ. കെ. എം. ഷാജി, എം.എൽ.എ.
6. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
7. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി പത്മ മഹന്തി, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എൺവയോൺമെന്റ് & ക്ലൈമറ്റിക് ചേഞ്ചസ്
2. ഡോ. ജോർജ് ചാക്കച്ചേരി, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ചസ് ആന്റ് സ്റ്റഡീസ് (ഐ.സി.സി.എസ്.)
3. ശ്രീമതി വി. വൽസ, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

4. ശ്രീ. കെ.എസ്. ഗോവിന്ദൻ നായർ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

5. ശ്രീ. ടി. എ. തങ്കപ്പൻ, ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

6. ശ്രീമതി ജയലേഖാ ദേവി. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്

7. ശ്രീമതി സുനിത മേനോൻ, ടെക്നിക്കൽ അസിസ്റ്റന്റ്, കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്.

സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 16 മുതൽ 20 വരെയുള്ള ശിപാർശകൾക്ക് ലഭ്യമായ മറുപടിയും, 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 8 മുതൽ 11 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ മറുപടിയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് സമിതി, 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അന്നേദിവസം സമിതി പരിഗണിച്ച പരിസ്ഥിതി വകുപ്പിൽനിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾകൂടി പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ ആയത് അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരടും സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം വൈകുന്നേരം 4.30 പിരിഞ്ഞു.

## 2017 ജൂലൈ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017 ജൂലൈ 5-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ

യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി/ പരിസ്ഥിതി വകുപ്പ്
2. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. കെ. ജെ. വർഗ്ഗീസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്)
4. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് ലാന്റ് ആന്റ് റിസോഴ്സസ്)
5. ശ്രീ. നാഗേഷ് പ്രഭു, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം)
6. ശ്രീ. എസ്. സുരേഷ് ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
7. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
8. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
9. ശ്രീ. ടി. എ. തങ്കപ്പൻ, ചീഫ് എൻവയോൺമെന്റ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

10. ശ്രീമതി എസ്. ശ്രീകല, ചീഫ് എൻവയോൺമെന്റ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന ചുവടെ ചേർത്തിരിക്കുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. കൂടാതെ, സമിതി ശിപാർശയിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

<u>I കരട് ചട്ടങ്ങളുടെ പരിഗണന</u>

1. കേരള ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) ഭേദഗതി ചട്ടങ്ങൾ, 2017
2. കേരള വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) ഭേദഗതി ചട്ടങ്ങൾ, 2017

(ഫയൽ നമ്പർ 127/സബ്.സി.എഫ്1/17/നി.സെ.)

The Kerala Water (Prevention & Control of Pollution) Amendment Rules, 2017 ചുവടെ ചേർത്തിരിക്കുന്ന ഭേദഗതിയോടെ അംഗീകരിച്ചു

In Rule 2 the Sub-rule number "(1)" assigned to the existing single provision shall be omitted.

The Kerala Air (Prevention & Control of Pollution) Amendment Rules, 2017 താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു

i. In Rule 2 the Sub-rule number "(1)" assigned to the existing single provision shall be omitted.

ii. In the proviso to Sub-rule (4) of Rule 24 the word "further" shall be inserted after the word "provided".

iii. The Note appearing before the explanatory Note shall be deleted and the same may inserted after TABLE I under Rule 2(b)

മേൽപ്പറഞ്ഞ കരട് ചട്ടങ്ങളിലെ ക്ലറിക്കൽ പിശകുകൾ തിരുത്തൽ വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

## 3. കേരള അവശ്യസാധനങ്ങൾ കടത്തിക്കൊണ്ട് പോകൽ (ക്രമപ്പെടുത്തൽ) ഭേദഗതി ഉത്തരവ്-2016

(ഫയൽ നമ്പർ 3532/സബ്.സി.എഫ്1/17/നി.സെ.)

ഭേദഗതി ഉത്തരവിന്റെ വർഷം ' 2016 ' എന്നത് ' 2017 ' എന്ന് മാറ്റണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത കരട് ചട്ടം സമിതി അംഗീകരിച്ചു.

## II. 11-3-2014-ലെ സമിതിയോഗ ശിപാർശയിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച തെളിവെടുപ്പ്

(ഫയൽ നമ്പർ 3531/സബ്.സി.എഫ്1/14/നി.സെ.)

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 11-3-2014-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റി X-ന്റെ യോഗത്തിൽ "വനത്തിനുപുറത്ത് ജനവാസമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ കടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ തന്നെ വെള്ളവും ഭക്ഷണവും ലഭ്യമാക്കുന്ന തരത്തിൽ തടയണകൾ നിർമ്മിക്കുന്നതിനും, ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമുള്ള" സമിതി നിർദ്ദേശത്തിന്മേൽ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി യോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 17-7-2017-ന് തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.

## 11-10-2017-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017 ഒക്ടോബർ 11-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ജെയിംസ് വർഗ്ഗീസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി/ പരിസ്ഥിതി വകുപ്പ്.
2. ഡോ. എച്ച്. നാഗേഷ് പ്രഭു, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (i) (iii) പ്രകാരം "വന സംരക്ഷണ സമിതികളുടെ ശാക്തീകരണം" എന്ന വിഷയം സംബന്ധിച്ച് 7-12-2016, 5-7-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ നടന്ന ചർച്ചയിൽ ഉണ്ടായ നിർദ്ദേശങ്ങൾ/ശിപാർശകൾക്ക് അന്തിമ രൂപം നൽകുന്നതിനായി മേൽ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി വിശദമായ ചർച്ച നടത്തുകയുണ്ടായി.

വരുമാനം കൂടുതലുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (ഇ.ഡി.സി.) കളുണ്ടെങ്കിലും ഈ സ്ഥാപനങ്ങളുടെ ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുവാനുള്ള അവസരംപോലും ജന പ്രതിനിധികൾക്ക് ലഭിക്കുന്നില്ലെന്നും, ഒരു എക്സ്-ഒഫീഷ്യോ മെമ്പർ എന്ന നിലയ്ക്കല്ലാതെ ഇത്തരം കാര്യങ്ങളിൽ ഇടപെടാനുള്ള സാഹചര്യം രേഖാമൂലം ജനപ്രതിനിധികൾക്ക് ലഭിക്കേണ്ടതാണെന്നും ആമുഖമായി സമിതി ചെയർമാൻ വ്യക്തമാക്കി.

നിലവിലുള്ള രീതി മാറേണ്ടതാണെന്നും, വി.എസ്.എസ്.-ന്റെ ഏതെങ്കിലുമൊരു യോഗത്തിൽ പങ്കെടുക്കണമെന്ന് എം.എൽ.എ.മാർ ആവശ്യപ്പെട്ടാൽ അതിനുള്ള അവസരവും മീറ്റിംഗ് വിളിച്ചു കൂട്ടുന്നതിനുള്ള സ്വാതന്ത്ര്യവും ജനപ്രതിനിധികൾക്കുണ്ടെന്നും, യോഗത്തെ സംബന്ധിച്ചുള്ള വിശദവിവരം അതാതുപ്രദേശത്തെ എം.എൽ.എ. മാരെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഒരു എഫ്.ഡി.എ.യുടെ പരിധി ഏതുവരെയാണെന്നും, അംഗങ്ങൾ ആരെല്ലാമാണെന്നും സമിതി ആരാഞ്ഞതിന് ഒരു ഫോറസ്റ്റ് ഡിവിഷനിൽ ഒരു എഫ്.ഡി.എ. യാണ് ഉള്ളതെന്നും, എഫ്.ഡി.എ. ജനറൽ ബോഡിയിൽ അതാത് വി.എസ്.എസുകളുടെ പ്രസിഡന്റും, എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരു മെമ്പറും, ഇവരു കൂടാതെ എഫ്.ഡി.എ.

അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ടെന്നും വനം വകുപ്പിന്റെ ചുമതലയുള്ള അഡീ. ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

എഫ്.ഡി.എ.യിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസറും, ചെയർമാൻ ഫോറസ്റ്റ് കൺസർവേറ്ററുമാണെന്നും, ഈ സാഹചര്യത്തിൽ ഒരു എഫ്.ഡി.എ.യിൽ അതാത് പ്രദേശത്തെ എം.എൽ.എ.മാരെ കൂടി അംഗങ്ങളായി ഉൾപ്പെടുത്തുമ്പോൾ ഉണ്ടാകാവുന്ന പ്രോട്ടോക്കോൾ പ്രശ്നം അഡീഷണൽ ചീഫ് സെക്രട്ടറി ഉന്നയിക്കുകയും, ആയതിന് എം.എൽ.എ.മാരെ അംഗങ്ങളായി ഉൾപ്പെടുത്തണമെങ്കിൽ പ്രാദേശിക സമിതിയിൽ അംഗമാകുകയും അതിൽനിന്ന് തെരഞ്ഞെടുത്ത് വരേണ്ടതുണ്ടെന്നും ആയതിനാൽ എം.എൽ.എ. മാരെ എക്സ്-ഒഫീഷ്യോ അംഗമായി ഉൾപ്പെടുത്താവുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ശിപാർശ അംഗീകരിക്കുന്നപക്ഷം മുൻപ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളിൽ ഇതിനനുസൃതമായി മാറ്റം വരുത്തേണ്ടതാണെന്നും അദ്ദേഹം തുടർന്നറിയിച്ചു.

വി.എസ്.എസ്./ഇ.ഡി.സി.കളുടെ പ്രവർത്തനം ഫലപ്രദമായും ഗുണകരമായും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നതിനും സമിതികളുടെ നിലനിൽപ്പിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഒരു ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള വനവികാസ ഏജൻസി (ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി)കളിൽ പ്രസ്തുത ഫോറസ്റ്റ് ഡിവിഷനിലുൾപ്പെട്ട എല്ലാ എം.എൽ.എ.മാരെയും എക്സ്-ഒഫീഷ്യോ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും വന സംരക്ഷണ സമിതികളിൽ, (വി.എസ്.എസ്.) പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റിനെയും, ഇക്കോ-ടൂറിസം മേഖലയുൾപ്പെടുന്ന പ്രദേശത്തെ വാർഡ് മെമ്പർമാരെയും അംഗങ്ങളാക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ വരുമാനം ലഭിക്കുന്ന അതിരപ്പിള്ളി-വാഴച്ചാൽ മേഖലകളിൽ നടക്കുന്ന പ്രവർത്തങ്ങളിൽ ജനപ്രതിനിധികൾക്ക് യാതൊരു പങ്കാളിത്തവുമില്ലെന്നും, ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ നടപടികളോ അവിടെ നടക്കുന്നില്ലെന്നും വനസംരക്ഷണ സമിതികളിലെ 2 വർഷ കാലാവധിയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റികൾ ജനാധിപത്യ രീതിയിലല്ല തെരഞ്ഞെടുക്കപ്പെടുന്നതെന്നും അതിരപ്പിള്ളിയിൽ നറുക്കെടുപ്പിലൂടെയാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

വന സംരക്ഷണ സമിതിയിലെ അംഗങ്ങളിൽ നിന്നാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതെന്നും, ജോലി നിർണ്ണയിച്ചു നൽകുന്നതിനാണ് നറുക്കെടുപ്പ് നടത്തുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

വനസംരക്ഷണ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജനാധിപത്യപരമാകണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വരുമാനം കൂടുതലുള്ള വി.എസ്.എസുകൾ പ്രവർത്തിക്കുന്ന മേഖലകളിലെല്ലാം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി (ഡി.എം.സി.) പ്രത്യേകമായി രൂപീകരിക്കേണ്ട വിഷയം സമിതി ചർച്ച ചെയ്യുകയും വരുമാനം കൂടുതലുള്ള ഇക്കോ-ടൂറിസം മേഖലകളിൽ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നതിനാൽ അതോടൊപ്പം പുതുതായി ഒരു ഡി.എം.സി. രൂപീകരിക്കേണ്ടതില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

വനസംരക്ഷണ സമിതികൾ വനം സംരക്ഷിക്കുന്നതിനായി രൂപീകൃതമായവ യാണെന്നും, ഇക്കോ ടൂറിസത്തിന് സാധ്യതയുള്ള മേഖലകളിൽ അധിക വരുമാനമെന്ന നിലയിലാണ് ഇക്കോ ടൂറിസം കൊണ്ടുവന്നതെന്നും, സംസ്ഥാനത്തൊട്ടാകെയുള്ള 590 വി.എസ്.എസ്./ ഇ.ഡി.സി. കളിൽ ഏകദേശം 60 സമിതികളിൽ മാത്രമേ ഇക്കോ-ടൂറിസവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടക്കുന്നുള്ളൂവെന്നും, ഇതിൽത്തന്നെ നെയ്യാർ, അതിരപ്പിള്ളി തുടങ്ങിയ മേഖലകളിൽ മാത്രമാണ് കൂടുതൽ വരുമാനം ലഭിക്കുന്നതെന്നും, ഇത്തരം വരുമാനം കൂടുതലുള്ള സ്ഥലങ്ങളിൽ ഡി.എം.സി. രൂപീകരിക്കുന്നതിൽ തെറ്റില്ലെന്നും എല്ലാ വി.എസ്.എസ്. മേഖലകളിലും ഡി.എം.സി.യുടെ ആവശ്യമില്ലെന്നും, അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

ഡി.എം.സിയിൽ, എം.എൽ.എ. മാർക്കും പഞ്ചായത്ത് പ്രസിഡന്റുമാർക്കും ആ മേഖല ഉൾപ്പെടുന്ന പ്രദേശത്തെ വാർഡ് മെമ്പർമാർക്കും പ്രാതിനിധ്യം നൽകണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വരുമാനം കൂടുതലുള്ള ഇ.ഡി.സി.കളിലെ ജനറൽ ബോഡിയിൽ വാർഡ് മെമ്പർമാരേയും, ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ/നഗരസഭാ അദ്ധ്യക്ഷൻ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും, പ്രാധാന്യവും വരുമാനവും അനുസരിച്ച് ടൂറിസം ഡെസ്റ്റിനേഷനുകളെ ഗ്രേഡ് I, II, II എന്നിങ്ങനെ തരംതിരിച്ച് വരുമാനം ഏറ്റവും കൂടുതലുള്ള വി.എസ്.എസ്.-കൾ ഉൾപ്പെടുന്ന ഗ്രേഡ് I-ൽ അഡീഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ.യെ എക്സ്-ഒഫീഷ്യോ അംഗമായും, പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തണമെന്നും, ഗ്രേഡിംഗിൽ ഉൾപ്പെടുത്താത്ത ഡെസ്റ്റിനേഷനുകളിൽ നടക്കുന്ന പ്രവൃത്തികളെപ്പറ്റി അറിയുവാൻ എം.എൽ.എ. മാർക്ക് താല്പര്യമുണ്ടെങ്കിൽ യോഗങ്ങളിൽ അവരെക്കൂടി വിളിക്കുന്നതിനും മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകണ മെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഇ.ഡി.സികളിൽ എം.പി.മാരെ എക്സ്-ഒഫീഷ്യോ അംഗങ്ങളാക്കുന്ന കാര്യം സമിതി ചർച്ച ചെയ്യുകയും, ഇ.ഡി.സി.കളിൽ എം.പി.മാരെ അംഗങ്ങളാക്കിയാൽ ഡിവിഷന്റെ പരിധിയിൽ മാറ്റംവരികയും യോഗങ്ങളിൽ അവർക്ക് എത്തിച്ചേരാൻ കഴിയാത്ത അവസ്ഥയുണ്ടാവുകയും അത് ഇ.ഡി.സി.കളുടെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുമെന്നതിനാൽ എം.പി.മാരെ ഉൾപ്പെടുത്തുന്നത് ശരിയായ തീരുമാനമായിരിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

വരുമാനം കുറഞ്ഞ വി.എസ്.എസ്./ഇ.ഡി.സി.കളുടെ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുവേണ്ടി 30% തുക സംസ്ഥാന വനവികസന ഏജൻസി (എസ്.എഫ്.ഡി.എ.)യിലേയ്ക്ക് സർക്കാർ നൽകുന്നതിനാൽ, ഇത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നത് ആരാണെന്ന് സമിതി ആരാഞ്ഞതിന് സ്റ്റേറ്റ് എഫ്.ഡി.എ. ചേർന്നാണ് ഇതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതെന്നും, ഇതുവരെ വി.എസ്.എസുകൾക്ക് പ്രസ്തുത തുക കൈമാറിയിട്ടില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

വനംവകുപ്പിന്റെ മുഴുവൻ ഫണ്ടും ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കാൻ തീരുമാനിച്ച എന്ന വാർത്തയുടെ നിജസ്ഥിതി സമിതി ആരായുകയും ഇത്തരമൊരു നിർദ്ദേശം നിലവിലില്ലെന്നും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പൊതുവായ ഓർഡർ നിലവിലുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ നയം അറിയിച്ചാൽ ആ രീതിയിൽ ചെയ്യുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമിതിയെ അറിയിച്ചു.

വി.എസ്.എസ്./ഇ.ഡി.സി.-കളുടെ പ്രവർത്തനങ്ങൾക്ക് എം.എൽ.എ. ഫണ്ടും, വകുപ്പിന്റെ ഫണ്ടും ഉപയോഗിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് അനിവാര്യമാണെന്നും വരുമാനം കുറഞ്ഞ വി.എസ്.എസ്.കളെ സഹായിക്കുന്നതിനായി വരുമാനം കൂടുതലുള്ള വി.എസ്.എസ്.-കളുടെ ഫണ്ട് കൈമാറ്റം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണെന്നും വി.എസ്.എസ്സിന്റെ ഫണ്ട് അതതു പ്രദേശത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണെന്ന് സർക്കാർ ഒരു ഡയറക്ഷൻ നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളിയും വാഴച്ചാലും മാലിന്യമുക്തമാണെങ്കിലും, മറ്റ് ടൂറിസം ഡെസ്റ്റിനേഷനുകളിൽ മാലിന്യം കുമിഞ്ഞുകൂടുന്ന അവസ്ഥയാണ് നിലനിൽക്കുന്നതെന്നും അഭിപ്രായപ്പെട്ട സമിതി, ഇത്തരം സ്ഥലങ്ങളെ മാലിന്യമുക്തമാക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം സർക്കാർ നൽകണമെന്നും കൂടാതെ വാഴച്ചാൽ മേഖലയിൽ ഇടയ്ക്കിടെ ആനക്കൂട്ടം ഇറങ്ങാറുള്ളതിനാൽ, ചാലക്കുടി കേന്ദ്രീകരിച്ച് ഒരു റാപ്പിഡ് റെസ്പോൺസ് ടീമിനെ (RRT) നിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭിപ്രായപ്പെട്ടു.

സംസ്ഥാനത്ത് നിലവിൽ പതിമൂന്ന് ആർ.ആർ.ടി. കളുള്ളതിൽ ഇടുക്കിയിലും പാലക്കാടും 2 വീതം ആർ.ആർ.ടി. കൾ പ്രവർത്തിക്കുന്നുവെന്നും തൃശ്ശൂർ ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും ഓരോ ആർ.ആർ.ടി. വീതമെങ്കിലും നിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, ബീറ്റ് ഫോറസ്റ്റ് ഗാർഡിന്റെ ട്രെയിനിംഗ് പൂർത്തിയായാൽ ഇതിൽനിന്നും കുറച്ചുപേരെ ആർ.ആർ.ടി. യിലേയ്ക്ക് നിയമിക്കുന്നതിന് സാധിക്കുമെന്നും ചെയർമാൻ അറിയിച്ചു

സമിതിയോഗനിർദ്ദേശങ്ങൾ/ശിപാർശകൾ ഉൾക്കൊള്ളിച്ച് "വന സംരക്ഷണ സമിതികളുടെ ശാക്തീകരണം" എന്ന വിഷയം സംബന്ധിച്ച് ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ സമിതി തീരുമാനിച്ചു

സമിതിയോഗം ഉച്ചയ്ക്ക്ശേഷം 3.10-ന് പിരിഞ്ഞു.

## 27-12-2017- ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2017 ഡിസംബർ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഓഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബി. മനു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീ. എ. കെ. ഭരദ്വാജ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്)

4. ശ്രീ. ജോർജി. പി. മാത്തച്ചൻ, ഫീൽഡ് ഡയറക്ടർ (പി. ടി.), കോട്ടയം

5. ശ്രീമതി ജി. ഗിരിജകുമാരി, ഡെപ്യൂട്ടി സെക്രട്ടറി, വനംവന്യജീവി വകുപ്പ്.

സമിതി, വിനോദസഞ്ചാരവകുപ്പിൽ നിന്നും സാധൂകരണത്തിനായി ലഭിച്ച താഴെ പറയുന്ന ചട്ടം പരിഗണനയ്ക്കെടുത്തു:

ദി കേരള ടൂറിസം സർവ്വീസ് അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ്, 2017

(SRO No. 424/2017)

(ഫയൽ നമ്പർ 4332/സബ്.സി,എഫ്1/17/നി.സെ.)

1995-ലെ കേരള ടൂറിസം സർവ്വീസ് വിശേഷാൽ ചട്ടപ്രകാരം ജോയിന്റ് ഡയറക്ടർ ആകാൻ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് ബിരുദവും കൂടാതെ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ 3 വർഷ ഡിപ്ലോമയോ അല്ലെങ്കിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഒരു വർഷ കോഴ്സോ (ക്രാഫ്റ്റ് കോഴ്സ്, ഫ്രണ്ട് ഓഫീസ് റിസപ്ഷൻ, ഹൗസ്കീപ്പിംഗ്) പാസ്സായിരിക്കണമെന്നുള്ളതാണെന്നും, ഡെപ്യൂട്ടി ഡയറക്ടറായി ജോലി ചെയ്തുവരുന്ന വേളയിലാണ് വകുപ്പിൽനിന്നും ഉദ്യോഗസ്ഥരെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനത്തിനായി അയയ്ക്കുന്നതെന്നും, കൂടാതെ സർവ്വീസിൽനിന്നും വിരമിക്കുന്നതിന് മാസങ്ങൾക്ക് മുമ്പ് മാത്രമാണ് ഇത്തരം പരിശീലനത്തിനായി അയയ്ക്കുന്നതെന്നും, ആയതുകൊണ്ട് വകുപ്പിന് പ്രത്യേക പ്രയോജനമൊന്നും ലഭിക്കുന്നില്ലെന്നും, ഈ പരിശീലനത്തിന്റെ സിലബസ് ഒരു തരത്തിലും ഇത്രയും ഉയർന്ന ഒരു സൂപ്പർവൈസറി പോസ്റ്റിന് യോജിക്കുന്നതല്ലെന്നും മനസ്സിലാക്കിയതിന്റെയടിസ്ഥാനത്തിലാണ് പ്രസ്തുത പരിശീലനം ജോയിന്റ് ഡയറക്ടറുടെ യോഗ്യതയിൽനിന്നും ഒഴിവാക്കുന്നതിനായി കേരള ടൂറിസം സർവ്വീസ് വിശേഷാൽ ചട്ടം അടിയന്തരമായി ഭേദഗതി വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സർക്കാരിന് സമർപ്പിക്കുകയുണ്ടായതെന്നും സർക്കാരിന് സമർപ്പിച്ച പ്രസ്തുത കരട് വിജ്ഞാപനം നിയമവകുപ്പ് സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുകയും കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ അനുമതി നേടുകയും ചെയ്തുവെന്നും വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ മേൽ പരിശീലനത്തിന് അവസരം ലഭിക്കാത്ത സർവ്വീസിൽനിന്നും വിരമിക്കാറായ സീനിയർ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് പ്രൊമോഷൻ തടസ്സപ്പെടാതിരിക്കുന്നതിനുവേണ്ടി 13-7-17 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 1/2017/TSM പ്രകാരം എസ്. ആർ.ഒ.നമ്പർ 424/2017 വിജ്ഞാപനമായി പ്രസ്തുത ഭേദഗതി 2017 ജൂലൈ 13-ാം

തീയതിയിലെ 1450-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചുവെന്നും, ആയതിന്റെ സബ്ജക്റ്റ് കമ്മിറ്റിയുടെ സാധൂകരണത്തിനായാണ് ഇപ്പോൾ സമർപ്പിച്ചിരിക്കുന്നതെന്നും, വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

സമിതി, 1995-ലെ കേരള ടൂറിസം സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ടുള്ള ദി കേരള ടൂറിസം സർവ്വീസ് അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ്, 2017 പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

തുടർന്ന് ചട്ടം 235(എ) പ്രകാരം "ഇരവികുളം നാഷണൽ പാർക്ക്- വികസനവും സാധ്യതകളും" എന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

(ഫയൽ നമ്പർ 5429/സബ്.സി.എഫ്1/17/നി.സെ.)

പശ്ചിമഘട്ടത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് ലോക പ്രശസ്തമായ ഇരവികുളം ദേശീയോദ്യാനം സ്ഥിതിചെയ്യുന്നതെന്നും വംശനാശ ഭീഷണി നേരിടുന്ന വരയാടുകളുടെ സംരക്ഷണാർത്ഥമാണ് പ്രസ്തുത ദേശീയോദ്യാനം സ്ഥാപിതമായിട്ടുള്ളതെന്നും പ്രജനന ശേഷിയുള്ളതും വന്യമായ ആവാസവ്യവസ്ഥയിലും കാണപ്പെടുന്ന ഏക മാത്രവും ഏറ്റവും വലുതുമായ വരയാടിൻകൂട്ടത്തെയാണ് ഈ ഉദ്യാനത്തിൽ സംരക്ഷിക്കപ്പെട്ടുവരുന്നതെന്നും പ്രതിവർഷം ഉദ്ദേശം 5 ലക്ഷത്തോളം തദ്ദേശീയരും വിദേശീയരുമായ സഞ്ചാരികളാണ് ഇവിടം സന്ദർശിക്കുന്നതെന്നും, കൂടാതെ 12 വർഷത്തിലൊരിക്കൽ മാത്രം പുഷ്പിക്കുന്ന 'നീലക്കുറിഞ്ഞി' എന്ന സസ്യവംശത്തിന്റെ സാന്നിദ്ധ്യത്തിൽ ഈ ഉദ്യാനം ലോകപ്രശസ്തമാണെന്നും വംശനാശ ഭീഷണി നേരിടുന്ന വരയാടുകളെയും അപൂർവ്വമായ സസ്യമായ നീലക്കുറിഞ്ഞിയെയും വളരെ അടുത്ത് കാണുവാൻ സാധിക്കുമെന്നത് ഈ ഉദ്യാനത്തിന്റെ പ്രധാന സവിശേഷതയാണെന്നും, വടക്ക് തമിഴ്നാട്ടിലെ ആനമല കടുവ സങ്കേതം, കിഴക്ക് ചിന്നാർ വന്യജീവി സങ്കേതം, മറയൂർ ചന്ദന ഡിവിഷൻ, തെക്ക് കെ.ഡി.എച്ച്.പി. തേയിലത്തോട്ടങ്ങൾ, പടിഞ്ഞാറ് മൂന്നാർ ഡിവിഷൻ എന്നീ പ്രദേശങ്ങളുമായി പ്രസ്തുത ഉദ്യാനം അതിർത്തി പങ്കിടുന്നുവെന്നും ഈ പ്രദേശങ്ങളുമായി ചേർന്ന് പശ്ചിമഘട്ടത്തിലെ ഏറ്റവും ബൃഹത്തായ ഒരു സംരക്ഷിത ആവാസ വ്യവസ്ഥയായി 97 ചതുരശ്ര കി.മീ. വിസ്തൃതിയിലുള്ള ഈ ഉദ്യാനം നിലകൊള്ളുന്നുവെന്നും പുൽമേടുകൾ, ചോലവനങ്ങൾ, നിത്യഹരിതവനങ്ങൾ, ഇലപൊഴിയും കാടുകൾ എന്നിവയടങ്ങിയ അത്യപൂർവ്വമായ ആവാസവൈവിധ്യത്തോടെ പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയർന്ന പർവ്വതമായ ആനമുടി (2695 മീറ്റർ) ഉൾക്കൊള്ളുന്നു. പ്രസ്തുത ഉദ്യാനത്തിന്റെ സവിശേഷതകളെക്കുറിച്ചും ആമുഖമായി ബഹു സമിതി ചെയർമാൻ വിശദീകരിച്ചു.

ഇരവികുളം ദേശീയോദ്യാനത്തിന്റെ വികസനവും, സാധ്യതകളും എന്നതാണ് സമിതിയുടെ ചർച്ച വിഷയമെന്നും നീലക്കുറിഞ്ഞി പൂക്കുന്ന ഈ സീസണിൽ, ഏതാണ്ട് എട്ട് ലക്ഷത്തോളം വിനോദസഞ്ചാരികളെയാണ് പ്രതീക്ഷിക്കുന്നതെന്നും ഈ സ്ഥിതിവിശേഷം മുൻനിർത്തി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വനം, വിനോദസഞ്ചാരം, വൈദ്യുതി എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിപുലമായ ഒരു യോഗം ചേരുകയുണ്ടായെന്നും പ്രസ്തുത യോഗതീരുമാനത്തിന്റെ യടിസ്ഥാനത്തിൽ, വനം വകുപ്പ് ഒരു പ്രത്യേക യോഗം ചേരുകയും ടൂറിസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായെന്നും ആയതിനാൽ അംഗങ്ങൾക്ക് ഇരവികുളം ദേശീയോദ്യാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉന്നയിക്കാമെന്ന് ചെയർമാൻ അറിയിച്ചു

സീസൺ കാലയളവിലെ പ്രധാന പ്രശ്നം ഗതാഗതക്കുരുക്കാണെന്ന് സമിതിയംഗമായ സ്ഥലം എം.എൽ.എ. അഭിപ്രായപ്പെട്ടു. പാർക്കിംഗ് ഏരിയ നിറയുമ്പോൾ തുടർന്ന് വരുന്ന വാഹനങ്ങൾ റോഡിന് ഇരുവശവും പാർക്ക് ചെയ്യുന്നതുമൂലമാണ് ഇത്തരം പ്രശ്നം രൂക്ഷമാകുന്നതെന്നും വർഷങ്ങളായി തദ്ദേശവാസികൾ ഇത്തരം ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും ഇതുമൂലം അടിയന്തരഘട്ടങ്ങളിൽ രോഗികളെപ്പോലും ആശുപത്രിയിൽ എത്തിക്കാൻ സാധിക്കാത്ത സ്ഥിതിയാണെന്നും എം.എൽ.എ. യും പൊതുജനങ്ങളും ഈ ഗതാഗതക്കുരുക്ക് അനുഭവിക്കുകയാണെന്നും പൊതുജനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പല കാര്യങ്ങൾക്കും കൃത്യസമയത്ത് എത്തിച്ചേരാൻ സാധിക്കുന്നില്ലെന്നും ഇതു പരിഹരിക്കാനുതകുന്ന ബാധ്യതകളില്ലാത്ത നടപടികളെക്കുറിച്ചാണ് ഗൗരവമായി ചർച്ച ചെയ്യേണ്ടതെന്നും, ടൗണിൽ തന്നെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുകയാണെങ്കിൽ പ്രശ്നങ്ങൾക്ക് പ്രായോഗികമായി പരിഹാരം കാണാൻ കഴിയുമെന്നും വനം-വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ ടൂറിസ്റ്റുകളെ സൗകര്യപ്രദമായ രീതിയിൽ മൂന്നാർ ടൗണിൽ നിന്നും ഇരവികുളം ദേശീയോദ്യാനത്തിലേയ്ക്ക് എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നും, അല്ലാതെ പുതിയ സ്റ്റേഷൻ ആരംഭിക്കുന്നതുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു

നിലവിലെ വിഷയം ശ്രദ്ധയിൽപ്പെടുത്തി ബഹു. മുഖ്യമന്ത്രിക്കും, കളക്ടർക്കും ഇ-മെയിൽ മുഖേന കത്തുകൾ അയച്ചിരുന്നുവെന്നും, ഇനി ചേരാനിരിക്കുന്ന യോഗത്തിൽ കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തുന്നതാണെന്നും, കൂടുതൽ ചെലവ് കൂടാതെ നടപ്പിലാക്കാൻ സാധിക്കുന്ന കാര്യങ്ങളാണ് കത്തിലൂടെ സൂചിപ്പിച്ചിരിക്കുന്നതെന്നും അവിടെ പുതിയ പോലീസ് ഹോസ്റ്റിനെ നിയമിക്കുന്നതിനോട് യോജിക്കുന്നില്ലെന്നും ജീവനക്കാർ ജാഗരൂകരാകേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടൂറിസം സീസണിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായി നാറ്റ്പാക്കിനെ (NATPAC -National Transportation Planning and Research Centre) ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അവിടെയുള്ള റോഡുകളുടെ വീതി വളരെ കുറവായതിനാലാണ് പ്രശ്നം ഗുരുതരമാകുന്നതെന്നും, പ്രശ്നം പരിഹരിക്കുന്നതിനായി, മൂന്നാർ ടൗണിൽ തന്നെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും അതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുകയും ചെയ്യുക; അടിയന്തരമായി അവിടെയൊരു സ്റ്റേഷൻ സ്ഥാപിക്കുക; വിപുലമായ രീതിയിൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) സമിതി മുമ്പാകെ അവതരിപ്പിച്ചു.

നീലക്കുറിഞ്ഞി സീസൺ ടൂറിസം രംഗത്ത് നല്ലൊരു സാധ്യതയാണെന്നും അത് കുറെക്കൂടി വിപുലപ്പെടുത്തേണ്ടതാണെന്നും ഇപ്പോൾ നിലവിലുള്ള എല്ലാ പ്രശ്നങ്ങളെക്കുറിച്ചും ഒരു വിശദമായ പഠനം നടത്തി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ ടൂറിസം സാധ്യതകൾ വളരെയധികം മെച്ചപ്പെടുത്തുവാൻ കഴിയുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

പാർക്കിംഗുമായ ബന്ധപ്പെട്ട നടപടികൾ ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയാൽ എത്രത്തോളം പ്രാവർത്തികമാകുമെന്നതിനെക്കുറിച്ച് സമിതി ആശങ്ക പ്രകടിപ്പിക്കുകയും, പകരം ടെണ്ടർ നടപടികൾ ഒഴിവാക്കി, ജോലികൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് ആരാഞ്ഞതിന്, ടെണ്ടർ ചെയ്തിട്ടില്ലെന്നും, കഴിഞ്ഞ ബഡ്ജറ്റിൽ 35 കോടി രൂപ പ്രഖ്യാപിച്ചിരുന്നുവെന്നും, ഒരു വർഷമായിട്ടും ഇൻവെസ്റ്റിഗേഷൻ നടപടികൾപോലും പൂർത്തിയായിട്ടില്ലെന്നും സ്ഥലം എം. എൽ. എ. വ്യക്തമാക്കി.

ട്രാഫിക് നിയന്ത്രിക്കുക എന്നത്, ഫോറസ്റ്റ് വകുപ്പിന് ബുദ്ധിമുട്ടുള്ള കാര്യമാണെന്നും എന്നാൽ ഇൻസൈഡ് പാർക്കിംഗിനുള്ള സൗകര്യം വനം വകുപ്പിന് ചെയ്യാവുന്നതാണെന്നും സമിതിയംഗം അഭിപ്രായപ്പെട്ട പ്രകാരം ആയിരം വാഹനങ്ങളെ മാത്രം കടത്തിവിട്ടുകൊണ്ടുള്ള ഒരു ക്രമീകരണം ചെയ്യാവുന്നതാണെന്നും മൂന്നാറിൽ നിന്നും, ടൂറിസ്റ്റുകളെ കൊണ്ടുപോകുന്നതിന് മറ്റ് അറേഞ്ച്മെന്റുകൾ ചെയ്താൽ മാത്രമേ ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അഭിപ്രായപ്പെട്ടു.

മൂന്നാർ ടൗണിൽ എത്തുന്ന സഞ്ചാരികളുടെ വാഹനങ്ങൾ ടൗണിലെ പാർക്കിംഗ് സ്ഥലങ്ങളിൽ ചെന്നതിനുശേഷം സ്വകാര്യ വാഹനങ്ങളെ ഒഴിവാക്കി പകരം ടൂറിസം ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തുന്ന വാഹനങ്ങളിൽ അവർ ഇരവികുളത്ത് പോയി തിരികെ വരണമെന്നും അതുവരെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള പാർക്കിംഗ് ഫീ ടൂറിസം വകുപ്പ് ഈടാക്കണമെന്നും അതോടൊപ്പം യാത്രാചെലവ് ടൂറിസ്റ്റുകൾ വഹിക്കേണ്ടതുമാണെന്നുമുള്ള അറിയിപ്പ് ടൂറിസ്റ്റുകൾക്ക് ടൂറിസം വകുപ്പ് വഴി നൽകിയാൽ നിലവിലുള്ള ഗതാഗത പ്രശ്നം വലിയൊരളവുവരെ പരിഹരിക്കാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ദിനംപ്രതി ഏകദേശം 2000-ത്തോളം സഞ്ചാരികളാണ് മൂന്നാർ സന്ദർശിക്കുന്നതെന്നും ഇത് ദിവസം ആയിരംപേർ എന്ന രീതിയിൽ പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം സമിതി മുമ്പാകെ ചർച്ചചെയ്യപ്പെടുകയുണ്ടായി.

നീലക്കുറിഞ്ഞി പുഷ്പിക്കുന്നതു കാണാൻ ദിനംപ്രതി എത്തിച്ചേരുന്ന ടൂറിസ്റ്റുകളുടെ എണ്ണം പരിമിതപ്പെടുത്തുന്നത് വകുപ്പിന്റെ ധനവരവിനെ പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ സഞ്ചാരികളുടെ എണ്ണം കുറയ്ക്കാമെന്ന് ചിന്തിക്കുന്നതിനേക്കാൾ എങ്ങനെ കാര്യങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാമെന്നാണ് ആലോചിക്കേണ്ടതെന്ന് സമിതി എക്സ്-ഒഫീഷ്യോ അംഗം അഭിപ്രായപ്പെട്ടു.

രാജമലയിലേയ്ക്ക് ആളുകളെ കടത്തിവിടുന്നതിന് പരിധിയുണ്ടെന്നും, നിലവിലുള്ള 7 വാഹനങ്ങൾക്കുപുറമേ രണ്ട് മൂന്ന് വാഹനങ്ങൾ കൂടി ലഭിക്കുകയാണെങ്കിൽ നിലവിലുള്ള ട്രാഫിക് പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും ഇൻസൈഡ് പാർക്കിംഗിന് പ്രശ്നമൊന്നുമില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വ്യക്തമാക്കി.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങൾ റോഡിനിരുവശവും പാർക്ക് ചെയ്യുന്ന സന്ദർഭങ്ങളിലാണ് ഗതാഗതപ്രശ്നം രൂക്ഷമാകുന്നതെന്നും, അല്ലാതെ മൂന്നാർ മുതൽ ഇരവികുളം വരെയുള്ള എട്ട് കിലോമീറ്റർ റോഡിന്റെ തകരാറല്ലെന്നും നിർബന്ധമായും വാഹനങ്ങളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതാണെന്നും നിലവിൽ സർവ്വീസ് നടത്തുന്ന 7 വാഹനങ്ങളിൽ കൊണ്ടുപോകുവാൻ സാധിക്കുന്ന എണ്ണം ടൂറിസ്റ്റുകളെ മാത്രം കടത്തിവിട്ടാൽ മതിയാകുമെന്നും അഞ്ചാം മൈലിൽ ടിക്കറ്റ് നൽകേണ്ട ആവശ്യമില്ലെന്നും അതോടൊപ്പം ഇരവികുളത്തെ ടിക്കറ്റ് നൽകുന്നതിനുള്ള കൗണ്ടർ close ചെയ്ത് online വഴിയോ നേരിട്ടോ മൂന്നാറിൽ നിന്നും ടിക്കറ്റ് നൽകുന്നതിനുള്ള സൗകര്യമൊരുക്കണമെന്നും, ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ മേൽനോട്ടത്തിൽ മൂന്നാറിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

മൂന്നാർ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി എം. എൽ. എ.യേയും മറ്റ് ജനപ്രതിനിധികളെയും ട്രാഫിക് വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ച് നിലവിലെ ഗതാഗത പ്രശ്നം ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

കൂടാതെ, ഒന്നിലധികം സ്ഥലങ്ങളിൽ പാർക്കിംഗ് സൗകര്യം ഒരുക്കിയാലും പ്രശ്നമില്ലെന്നും, നിലവിലുള്ള എല്ലാ സൗകര്യങ്ങളും പ്രയോജനപ്പെടുത്തേണ്ടതാണെന്നും, അതിനായി സ്വകാര്യവ്യക്തികളുടെ സ്ഥലം ഏറ്റെടുത്ത് സ്ഥലവാടക നൽകി, പാർക്കിംഗിനായി ഉപയോഗിക്കാമെന്നും, ഇ.ഡി.സി. യുടെ കൈവശമുണ്ടായിരുന്ന വാഹനങ്ങളുടെ എണ്ണം ഏഴിൽ നിന്നും പതിനൊന്നായി വർദ്ധിപ്പിക്കേണ്ടതാണെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

ആവശ്യമുള്ളപക്ഷം മറ്റ് വകുപ്പുകളിൽ നിന്നും വാടകവ്യവസ്ഥയിൽ കഴിയുന്നത്ര വാഹനങ്ങൾ ഏറ്റെടുത്ത് പ്രശ്ന പരിഹാരത്തിനായി ശ്രമിക്കേണ്ടതാണെന്നും എവിടെവച്ച് ട്രാഫിക് പ്രശ്നം നേരിടുന്നുവോ അവിടെ നിന്നും ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തുന്ന വാഹനങ്ങളിൽ സഞ്ചാരികളെ കൂട്ടിക്കൊണ്ടുപോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും സർക്കാർ ഏർപ്പെടുത്തുന്ന ക്രമീകരണങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകണമെന്നും അതോടൊപ്പം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, സ്ഥലം എം. എൽ. എ, ജില്ലാ കളക്ടർ, ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ, എം.ഡി., കെ.എസ്.ആർ.ടി.സി, എസ്.പി, ഡി.വൈ.എസ്.പി, പഞ്ചായത്തു പ്രസിഡന്റുമാർ, ഡി.റ്റി.പി.സി. പ്രതിനിധികൾ, മൂന്നാർ ഹൈറേഞ്ച് വികസന സൊസൈറ്റിയുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം വിളിച്ച് ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും കൂടാതെ പത്തോ, ഇരുപതോ വാഹനങ്ങൾ അധീഷണലായി ടൂറിസം വകുപ്പിനുതന്നെ സംഘടിപ്പിക്കാവുന്നതാണെന്നും, ആവശ്യമെങ്കിൽ സ്വകാര്യവ്യക്തികളുടെ വാഹനങ്ങളും കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താവുന്നതാണെന്നും എക്സ്-ഒഫീഷ്യോ അംഗം അറിയിച്ചു.

നീലക്കുറിഞ്ഞിയുടെ പൂർവ്വചരിത്രം, അവയുടെ പ്രത്യേകതകൾ, എത്രയിനം ഇപ്പോൾ നിലവിലുണ്ട് എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് ടൂറിസം വകുപ്പ് ലഭ്യമാക്കുകയാണെങ്കിൽ അത് സഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ഒരു ഹാന്റ് ബുക്കായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് എക്സ്-ഒഫീഷ്യോ അംഗം ഉറപ്പുനൽകി.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.

## 14-2-2018-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2018 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV-A' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.
3. ശ്രീ. റോജി എം. ജോൺ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
2. ശ്രീ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, വനംവന്യജീവി വകുപ്പ്
3. ശ്രീ. എസ്. സി. ജോഷി, ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
4. ശ്രീ. എ. കെ. ധർനി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.)
5. ശ്രീ. കെ. എ. മുഹമ്മദ് നൗഷാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്. എഫ്.)
6. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ
7. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്. ആന്റ് ആർ.)

8. ശ്രീ. രാജൻ ശെഹ്ഗാൾ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്, ബി ആന്റ് എ)
9. ശ്രീമതി പത്മ മൊഹന്തി, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് & ക്ലൈമറ്റ് ചേഞ്ച്
10. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
11. ശ്രീ. റ്റി. എ. തങ്കപ്പൻ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
12. ശ്രീമതി എസ്. വി. കല, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീ. ജി. അനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
14. ശ്രീമതി എം. ഗീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി, 2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി XXXIV, XVII, XX എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ ഹെഡ്ഡുകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXIV

### വനം വകുപ്പ്

വനസംരക്ഷണത്തിന്റെ ഭാഗമായി, യൂക്കാലിപ്റ്റ്സ് മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് നിർബാധം തുടരുകയാണെന്നും പ്രസ്തുത മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് ഒഴിവാക്കണമെന്ന പൊതുവായ നിർദ്ദേശം നിലനിൽക്കുമ്പോൾ വീണ്ടും നട്ടുപിടിപ്പിക്കുന്നതിന്മേലുള്ള നയത്തിൽ വ്യക്തത ഉണ്ടാകണമെന്നും സമിതിയംഗം ആവശ്യപ്പെട്ടു. യഥാർത്ഥത്തിൽ ചോലവനങ്ങളാണ് നട്ടുപിടിപ്പിക്കേണ്ടതെന്നും പാഴ്മരങ്ങൾ പൂർണ്ണമായും ഇല്ലാതാക്കണമെങ്കിൽ വേരോടെ പിഴുത് മാറ്റി പകരം ചോലവനങ്ങൾ വച്ചുപിടിപ്പിക്കണമെന്നും ഇത്തരം കാര്യങ്ങളിൽ വ്യക്തതയോടുകൂടിയ ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

4406-01-105-87-തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്ന ശീർഷകത്തിന്റെ വിവരണത്തിൽ വിലയേറിയ വന്മരങ്ങളായ വെള്ളകിൽ, കമ്പകം,

ഇരുൾ, മഹാഗണി, തേന്മാവ്, താന്നി, പ്ലാവ്, ആഞ്ഞിലി, വേങ്ങ മുതലായ ഇനങ്ങൾ കൂടുതൽ നട്ടുവളർത്തുക എന്ന് പറഞ്ഞിരിക്കുന്നതിൽ വിലയേറിയ വൻമരങ്ങൾ എന്നതുകൊണ്ട് റോയൽറ്റി ആണോ ഉദ്ദേശിക്കുന്നതെന്നും ഇതിൽ പ്ലാവ്, ആഞ്ഞിലി വേങ്ങ എന്നീ മൂന്ന് വൃക്ഷങ്ങൾ Non Forestery Tree പ്രോമോഷനുമായി ബന്ധപ്പെട്ട 28 ഇനം മരങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും നോൺ ഫോറസ്റ്റി ഇനത്തിൽപ്പെടുന്ന മരങ്ങൾ നട്ടുപിടിപ്പിച്ചാൽ മുറിക്കാനുള്ള അവകാശം നിയമപരമായി കൃഷിക്കാരനുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

വനസംരക്ഷണ നിയമത്തിൽ മുറിക്കുന്നതിന് അനുവാദമുള്ള 28 ഇനം വൃക്ഷങ്ങളാണ് ഉള്ളതെന്നും യഥാർത്ഥ പട്ടയഭൂമിയിൽ വളരുന്ന റോസ്‌വുഡും തേക്കും ഉടമസ്ഥന് മുറിക്കാവുന്നതാണെന്നും എന്നാൽ ചന്ദനമരം വനംവകുപ്പ് മുറിച്ച് വിൽപ്പന നടത്തിയശേഷം വില നൽകുകയാണ് ചെയ്യുന്നതെന്നും ചെറുകിട/വൻകിട കർഷകർക്ക് 28 ഇനം മരങ്ങൾ മുറിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്നും എന്നാൽ വൻകിട കർഷകർ തേക്ക്, ഈട്ടി ഉൾപ്പെടെ 10 ഇനം മരങ്ങൾ മുറിക്കുമ്പോൾ പ്രസ്തുത വിവരം വനംവകുപ്പിനെ അറിയിക്കേണ്ടതും ചില നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ അവ്യക്തത മാറ്റുന്നതിന് റെയിഞ്ച് ഓഫീസർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിലവിൽ തേക്ക് പോലുള്ള രാജകീയ മരങ്ങൾ കൃഷിക്കാരന്റെ പട്ടയഭൂമിയിൽ ആണെങ്കിലും ആയത് മുറിക്കുന്നതിന് കൃഷിക്കാരന് അവകാശമില്ലെന്നും ഈ സ്ഥിതി വിശേഷം കാരണം ഇത്തരം മരങ്ങൾ കൃഷിക്കാർ നട്ടുപിടിപ്പിക്കുന്നില്ലെന്നും 2007-ലെ ആക്ടനുസരിച്ച് ഈ മരങ്ങൾ കുറച്ചുകൂടി പ്രൊമോട്ട് ചെയ്യാനും നിയമം ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വട്ടവടയിൽ 5 ചെക്ക്ഡാം പണിയുന്നതിന് ശ്രമമുണ്ടായെങ്കിലും, ആയത് നടപ്പിലായില്ലെന്നും ഇപ്പോഴും ആ പ്രൊപ്പോസൽ നിലവിലുണ്ടെന്നും സമിതി അംഗം വിശദീകരിച്ചു.

വിലയേറിയ എന്നതുകൊണ്ട് റോയൽറ്റി അല്ല ഉദ്ദേശിക്കുന്നതെന്നും വിറ്റാൽ വില ലഭിക്കുന്ന മരങ്ങൾ എന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നതെന്നും വിലകൂടിയ വൃക്ഷങ്ങൾ അഥവാ രാജകീയ വൃക്ഷങ്ങൾ എന്നു പറയുന്നത് തേക്ക്, ഈട്ടി, ചന്ദനം ഇടങ്ങിയവ ആണെന്നും മറ്റുള്ളവ രാജകീയ വൃക്ഷങ്ങളിൽ പെടുന്നവയല്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകി.

അക്കേഷ്യ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ജനങ്ങളിൽ നിന്നും എതിർപ്പ് ഉണ്ടായതിനെത്തുടർന്ന് അക്കേഷ്യമരങ്ങൾ വനംവകുപ്പ് വച്ചുപിടിപ്പിക്കരുതെന്നുള്ള നിർദ്ദേശം

ബഹു. മുഖ്യമന്ത്രി നൽകിയിരുന്നുവെന്നും അതനുസരിച്ച് വനംവകുപ്പ് നിയമം പാസ്സാക്കുക യുണ്ടായെന്നും ഇതനുസരിച്ച് അക്കേഷ്യാമരങ്ങൾക്ക് പകരം മറ്റ് ഇനങ്ങളിലുള്ള വൃക്ഷങ്ങളാണ് ഇപ്പോൾ നട്ടുപിടിപ്പിക്കുന്നതെന്നും യൂക്കാലിപ്റ്റസ് മരങ്ങൾക്ക് ഇത് ബാധകമല്ലെന്നും എച്ച്.എൻ.എൽ. കമ്പനിയ്ക്ക് പൾപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ യൂക്കാലിപ്റ്റസ് മരങ്ങൾ ഇപ്പോഴും വച്ചുപിടിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

വനത്തിനുള്ളിലെ കൃഷി വിപുലപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ച സമിതി, കൃഷി ഇറക്കണമെങ്കിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി ജലസേചനവകുപ്പിൽ നിന്നും ഫണ്ട് വാങ്ങി പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കണമെന്നും, തൊഴിലുറപ്പ് പദ്ധതി യിലുൾപ്പെട്ട അംഗങ്ങളും റെയിഞ്ച് ഓഫീസറും, ഊരുകൂട്ടത്തിന്റെ/വി.എസ്.എസ്.-ന്റെ സെക്രട്ടറിയും ഉൾപ്പെടെ യുള്ളവർ ഗ്രാമസഭകളിലും വികസന സമിതികളിലും പങ്കെടുത്ത് പ്രോജക്ടുകൾ തയ്യാറാക്കി പ്രസ്തുത തുക വിനിയോഗിക്കാൻതക്ക രീതിയിൽ കൃഷി വിപുലപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു.

ഈറ്റ, പനമ്പ് തുടങ്ങിയവ ശേഖരിക്കുന്ന തൊഴിൽ ചെയ്യുന്ന ആദിവാസികളുടെ എണ്ണം കുറഞ്ഞുവരുന്നുവെന്നും ഇതിനുകാരണം അവരുടെ ജീവിത രീതിയിലുണ്ടായ വ്യത്യാസവും, പുതിയ തലമുറ ഈ തൊഴിലിലേയ്ക്ക് ആകൃഷ്ടരാകുന്നില്ലെന്നതുമാണെന്നും, ആദിവാസി സമൂഹത്തിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു പുതിയ സംവിധാനം ആലോചിക്കേണ്ട സമയമായെന്നും സമിതി നിരീക്ഷിച്ചു.

തടയണകൾ നിർമ്മിക്കുന്നതിന് ഫണ്ട് വിനിയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വി.എസ്.എസിനും എഫ്.ഡി.എ. യ്ക്കുമുള്ള പങ്ക് എന്താണെന്ന് സമിതി ആരാഞ്ഞതിന് വി.എസ്.എസ്. കളുടെ അപ്പെക്സ് ബോഡിയും രജിസ്റ്റേഡ് സൊസൈറ്റിയുമായ എഫ്. ഡി. എ.യ്ക്ക് വനത്തിനകത്തും വനത്തിനോട് ചേർന്നുള്ള മേഖലകളിലും എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താവുന്നതാണെന്നും വനത്തി നുള്ളിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് മറ്റ് നിയമ നിയന്ത്രണമെന്തെങ്കിലും ഉണ്ടെങ്കിൽ അതിനുള്ള അനുവാദം രേഖാമൂലം ലഭിച്ചാൽ പ്രസ്തുത പ്രവൃത്തി നടത്താവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും തടയണകൾ നിർമ്മിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതികളെയും എഫ്.ഡി.എ. കളെയും ഏൽപ്പിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ജലസംരക്ഷണത്തിനായുള്ള വാട്ടർ ഫാൾ, ചെക്ക് ഡാം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ചില സ്ഥലങ്ങളിൽ ഇ.ഡി.സി. വഴി ചെയ്യാറുണ്ടെന്നും, വനത്തിനുള്ളിലെ പ്രവർത്തനങ്ങൾ വി.എസ്.എസ്./ ഇ.ഡി.സി. മുഖേന ചെയ്യുന്നതിനുള്ള പദ്ധതികളുണ്ടെങ്കിലും ഇതുവരെ ഇതിനായി തുക

നീക്കിവച്ചിട്ടില്ലെന്നും അടുത്ത വർഷം അതിനുള്ള തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും, ഏകദേശം 35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വാട്ടർഷെഡ് ട്രീറ്റ്മെന്റ് സ്കീമാണിതെന്നും ഇതുമായി ബന്ധപ്പെട്ട എല്ലാ ജോലികളും വി.എസ്.എസ്./ഇ.ഡി.സി. മുഖേനയാണ് ചെയ്യേണ്ടതെന്നും, ഇതിൽ ചെക്ക് ഡാമും ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാവുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ക്ഷണിക്കാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, കമ്മിറ്റി അപേക്ഷ ക്ഷണിച്ച് സെലക്ട് ചെയ്യുകയാണ് നടപടിക്രമമെന്നും, ഈ വർഷത്തെ മീറ്റിംഗ് കൂടി 5 പേരെ വീതം സെലക്ട് ചെയ്തിട്ടുണ്ടെന്നും അടുത്ത വർഷത്തെ അപേക്ഷ ഉടൻതന്നെ ക്ഷണിക്കുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മറുപടി നൽകി.

തുടർന്ന് സമിതി താഴെ പറയുന്ന ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുത്തു:

2406-01-800-56—<u>മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

മനുഷ്യർക്കും കന്നുകാലികൾക്കും വന്യമൃഗങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന ആക്രമണവും കൃഷിനാശവും വനാതിർത്തികളിൽ അനുഭവപ്പെടുന്ന ഒരു പ്രധാന പ്രശ്നമായതിനാൽ മനുഷ്യ-മൃഗ സംഘർഷങ്ങളുടെ അടിസ്ഥാന കാരണങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട്, ജനവാസമേഖലയിലേയ്ക്കും കൃഷിഭൂമിയിലേയ്ക്കും വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനുള്ള ദീർഘകാല പദ്ധതികളാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്നതെന്നും എന്നാൽ നടപ്പുവർഷം കേന്ദ്ര പദ്ധതി വിഹിതത്തിലും സംസ്ഥാന പദ്ധതി വിഹിതത്തിലും ഗണ്യമായ കുറവ് വന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-02-110-68—<u>ജൈവ വൈവിദ്ധ്യ സംരക്ഷണം</u>

ജൈവ വൈവിദ്ധ്യ സമ്പത്തിന്റെ സംരക്ഷണപദ്ധതിയുടെ ഭാഗമായി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിന് വേണ്ടിയുള്ള പ്രത്യേക പരിപാടികൾക്കും മറ്റുമായി നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-02-110-56—<u>പരിസ്ഥിതി വികസന പരിപാടി</u>

വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ

സംവിധാനങ്ങൾക്ക് സഹായം നൽകുക, പട്ടികവർഗ്ഗ ഊരുകളിലെ നിവാസികൾക്ക് ഉപജീവനത്തിന് ഒരു ബദൽ സംവിധാനം എന്ന രീതിയിൽ കൈത്തറിപോലുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി നൈപുണ്യം വർദ്ധിപ്പിക്കുക തുടങ്ങിയ നിരവധി പരിപാടികൾ ലക്ഷ്യമിടുന്നതും 17 ശതമാനം വനിതകൾ ഗുണഭോക്താക്കളായിട്ടുള്ളതുമായ ഈ പദ്ധതിയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 450 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4406-01-101-99 (01)—<u>വന സംരക്ഷണം</u>
<u>(വനാതിർത്തികളുടെ സർവ്വേയും വന സംരക്ഷണവും)</u>

2018-19 മുതൽ വകുപ്പിന്റെ എല്ലാ പ്രവൃത്തികളും കരാർ സമ്പ്രദായത്തിലേയ്ക്ക് പൂർണ്ണമായും മാറുന്നതും ദിവസവേതന തൊഴിലാളികളുടെ വേതന വർദ്ധനവും ചെലവ് വർദ്ധിപ്പിക്കുമെന്നതിനാൽ വനസംരക്ഷണ പദ്ധതികൾക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 871 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-105-99—<u>സർക്കാർ ഏജൻസിവഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്</u>

തേക്ക്, അൽബീസിയ, യൂക്കാലി തുടങ്ങിയ തോട്ടങ്ങളിലെ പ്രായമെത്തിയ തടികൾ മുറിച്ച് ശേഖരിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2406-01-800-92—<u>വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം</u>

വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന തുക പരിമിതമായതിനാൽ പ്രസ്തുത തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ അടിയന്തരമായി നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണംമൂലം വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെയും കന്നുകാലികളുടെയും ജീവനും വിളകൾക്ക് നാശനഷ്ടവും സംഭവിക്കുന്നത് വനാതിർത്തികളിലെ ജനങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന വൻവിപത്തായി മാറുന്നുവെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത വർദ്ധിച്ചു വരികയാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത ധനസഹായം നൽകുന്നതിനായി

നടപ്പുവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1610 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വനം വകുപ്പിന്റെ പരിശീലന വികസന ആവശ്യങ്ങൾക്ക് സഹായം നൽകുന്നതിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് ധനാഭ്യർത്ഥന XXIX-ൽ 2415-01-277-86 എന്ന ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപ ധനാഭ്യർത്ഥന നമ്പർ XXXIV-ലേയ്ക്ക് മാറ്റണമെന്ന വകുപ്പിന്റെ ആവശ്യം ഹെഡ് ഓഫ് അക്കൗണ്ട് മാറ്റാൻ കഴിയാത്തതിനാൽ സമിതി അംഗീകരിച്ചില്ല.

<u>കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്</u>

2406-02-110-59-31—<u>സഹായധനം-ശമ്പളം (നോൺ പ്ലാൻ)</u>

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ ജീവനക്കാരുടെ ശമ്പളത്തിനും ശമ്പള പരിഷ്കരണ കുടിശ്ശികയും അലവൻസുകൾ നൽകുന്നതിനും പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 65.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2406-02-110-59-36—<u>സഹായധനം-ശമ്പളേതരം (നോൺ പ്ലാൻ)</u>

ബോർഡിന്റെ വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 31.55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XVII**

<u>പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്</u>

3435-03-102-87—<u>കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി</u>

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ യോഗങ്ങൾ നടത്തുന്നതിനും വിദഗ്ദ്ധർക്കുള്ള സിറ്റിംഗ് ഫീസ്, ഫീൽഡ് പരിശോധനാ ചാർജ്ജുകൾ എന്നിവയ്ക്കുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XX

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

സബ്ജക്ട് കമ്മിറ്റിയുടെ, ഷെഡ്യൂൾ പ്രകാരം ധനാഭ്യർത്ഥന XX-മായി ബന്ധപ്പെട്ട സൂക്ഷ്മപരിശോധന ഫെബ്രുവരി 15-ാം തീയതിയിലേയ്ക്കാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രസ്തുത ധനാഭ്യർത്ഥന കൂടി ഇന്ന് പരിഗണിക്കാവുന്നതാണെന്ന് നിയമസഭാ സെക്രട്ടറിയേറ്റ് ജോയിന്റ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

പ്രസ്തുത ധനാഭ്യർത്ഥന ഇന്നത്തെ മീറ്റിംഗിൽ പരിഗണിക്കാവുന്നതാണെന്നും, പ്രസ്തുത ഹെഡ്ഡുകളിൽ അധികതുക ആവശ്യപ്പെട്ടിട്ടില്ലെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

കഴിഞ്ഞ ബഡ്ജറ്റിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അനുവദിച്ച തുക ചെലവഴിക്കാത്തതിന്റെ വിശദീകരണം ചെയർമാൻ ആരാഞ്ഞതിന്, ആലപ്പുഴയിൽ കോമൺ ട്രീറ്റ്മെന്റ് പ്ലാന്റ് ചെയ്യുന്നതിനുവേണ്ടിയുള്ള 12 കോടിയോളം രൂപ ചെലവുവരുന്ന ഒരു പ്രോജക്ട് പ്രൊപ്പോസൽ ഉണ്ടായിരുന്നുവെന്നും, അതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രൂപീകരിക്കുകയും സർക്കാർ 3 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തുവെന്നും ഈ വർഷവും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, കമ്പനിയുടെ ഭാഗത്തുനിന്നുള്ള കോൺട്രിബ്യൂഷൻ ലഭിക്കാത്തതുകൊണ്ടാണ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കാൻ സാധിക്കാത്തതെന്നും, തുക നൽകാത്ത കമ്പനിയുടെ കൺസന്റ് മലിനീകരണ നിയന്ത്രണ ബോർഡ് റദ്ദാക്കുന്നില്ലെന്നതാണ് പ്രധാന പ്രശ്നമെന്നും പ്രോജക്ട് ഉണ്ടെങ്കിൽ മാത്രമേ കൺസന്റ് നൽകാൻ പാടുള്ളൂ എന്നുണ്ടെന്നും ഓരോ വർഷവും കൺസന്റ് നീട്ടിനൽകുന്നതുകൊണ്ടാണ് കമ്പനി തുക നൽകാതിരിക്കുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രോജക്ട് നടപ്പിലാക്കുന്നതിനാണ് ഗവൺമെന്റ് സബ്സിഡി നൽകുന്നതെന്നും, കമ്പനിയെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇത്തരമൊരു പ്രോജക്ട് കൊണ്ടുവന്നതെന്നുള്ളതാണ് യാഥാർത്ഥ്യമെന്നും, സമയബന്ധിതമായി പ്രോജക്ട് നടപ്പിലാക്കുവാനോ തുക നൽകുവാനോ തയ്യാറാകാത്ത കമ്പനിക്ക് നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമായിരുന്നുവെങ്കിൽ തൊഴിലാളി യൂണിയനുകൾ സർക്കാരിൽ സമ്മർദ്ദം ചെലുത്തുമായിരുന്നുവെന്നും എന്നാൽ നിലവിലെ പ്രശ്നം പൊതുജനങ്ങളെ മുഴുവൻ ബാധിക്കുന്ന പ്രശ്നമാണെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

കർശനനിലപാട് സ്വീകരിക്കുകയാണെങ്കിൽ കമ്പനിയുടെ ഭാഗത്തു നിന്നും കുറച്ചെങ്കിലും കോൺട്രിബ്യൂഷൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ പ്രത്യാശ പ്രകടിപ്പിച്ചു

പ്രോജക്ടിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ട്രീറ്റ്മെന്റ് പ്ലാന്റ് യാഥാർത്ഥ്യമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ സാധിക്കുമെന്നും സമിതി ആരാഞ്ഞതിന് ഡി.പി.ആർ. തയ്യാറായിട്ടുണ്ടെന്നും; കമ്പനിയിൽ നിന്നും മുഴുവൻ തുകയും ലഭിക്കുമെന്ന പ്രതീക്ഷ ഇല്ലെന്നും, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു.

പ്ലാന്റ് നിർമ്മിക്കാതിരുന്നാൽ മലിനീകരണ പ്രശ്നം രൂക്ഷമാകുമെന്നും മലിനീകരണ പ്രശ്നം അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ലെന്നും, പ്രോജക്ട് നടപ്പിലാക്കുന്നതിന് ഫണ്ട് കണ്ടെത്തണമെന്നും ബോർഡ് ചെയർമാൻ വ്യക്തമാക്കി.

പ്രദേശത്തെ മാലിന്യപ്രശ്നം ഇല്ലാതാക്കുന്നതിനുവേണ്ടി കൊണ്ടുവന്ന പ്രോജക്ട് നടപ്പിലാക്കാതിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്നും, ഈ വിഷയം ഗൗരവമായി കണ്ട് കൺസന്റ് നീട്ടിക്കൊടുക്കുന്നതും പ്രോജക്ട് നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തുന്നതുമായ കാര്യങ്ങൾ തുടർന്നുകൊണ്ട്പോകുവാൻ പാടില്ലെന്ന നിലപാട് സ്വീകരിക്കണമെന്നും മലിനീകരണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

യോഗം ഉച്ചയ്ക്കുശേഷം 3.50 -ന് പിരിഞ്ഞു.

## 15-2-2018-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2018 ഫെബ്രുവരി 15-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
2. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, ടൂറിസം വകുപ്പ്.
2. ശ്രീ. പി. ബാല കിരൺ, ഡയറക്ടർ, ടൂറിസം വകുപ്പ്.
3. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻറ് ടൂറിസം സ്റ്റഡീസ് (കിറ്റ്സ്).
4. ശ്രീ. ബി. മനു, അഡീഷണൽ സെക്രട്ടറി, ടൂറിസം വകുപ്പ്.
5. ശ്രീമതി എം. സി. പ്രസന്നകുമാരി, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
6. ശ്രീമതി എസ്. വി. കല, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീ. കെ. ജി മോഹൻലാൽ, സി.എം.ഡി., കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.
8. ശ്രീ. ആർ. രാഹുൽ, മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.
9. ശ്രീ. വി. രാമചന്ദ്രൻപോറ്റി, മാനേജിംഗ് ഡയറക്ടർ,, വിവിഡ് കോർപ്പറേഷൻ ലിമിറ്റഡ്.
10. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
11. ശ്രീമതി ഡി. കൃഷ്ണപ്രിയ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
12. ശ്രീ. എം. രഘുദാസൻ, അഡീഷണൽ ഡയറക്ടർ, ടൂറിസം വകുപ്പ്.
13. ശ്രീ. വി. എസ്. സതീഷ്, പ്ലാനിംഗ് ഓഫീസർ, ടൂറിസം വകുപ്പ്.
14. ശ്രീ. ടി. വി. പത്മകുമാർ, അണ്ടർ സെക്രട്ടറി, ടൂറിസം വകുപ്പ്.

സമിതി, 2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി XLII (വിനോദസഞ്ചാരം) എന്ന ധനാഭ്യർത്ഥനയുടെ വിവിധ ശീർഷകങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ (ഡി.റ്റി.പി.സി.) ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ ചർച്ച നടത്തണമെന്ന ആവശ്യം സമിതിയംഗം ഉന്നയിക്കുകയും പ്രസ്തുത കൗൺസിലിൽ ജോലി ചെയ്യുന്നവർക്ക് അവിടുത്തെ വരുമാനത്തിൽ നിന്നാണ് ശമ്പളത്തിനുള്ള തുക കണ്ടെത്തുന്നതെന്നും, റിട്ടയർമെന്റ് കാലാവധി കഴിഞ്ഞ, പ്രായം ചെന്നവർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നും, അവിടത്തെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ വ്യക്തത വരുത്തേണ്ടതാണെന്നും, ഇതൊരു നയപരമായ പ്രശ്നമാണെന്നും അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലുള്ള ഡി.റ്റി.പി.സി.കളിൽ വരുമാനമുള്ളതും, ഇല്ലാത്തവയുമുണ്ടെന്നും വരുമാനം മൊത്തത്തിൽ കേന്ദ്രീകരിക്കണമെന്നും, ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എങ്ങനെയായിരിക്കണം എന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഏകാംഗ സമിതിയെ നിയോഗിക്കാമെന്നും, ഏകാംഗ സമിതി ആരായിരിക്കണമെന്ന് പിന്നീട് തീരുമാനിക്കാമെന്നും യോഗ അദ്ധ്യക്ഷൻ മറുപടി നൽകി.

പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാമെന്ന് ടൂറിസം സെക്രട്ടറി അറിയിച്ചു.

ടൂറിസം വകുപ്പിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് വിഹിതം 381.75 കോടി രൂപയാണെന്നും, 20 ഹെഡ്ഡുകളിലായി പ്രസ്തുത തുക വകയിരുത്തിയിരിക്കുന്നുവെന്നും, ഇതിൽ 5 ശീർഷകങ്ങളിൽ അധികമായി തുക ആവശ്യമായിട്ടുണ്ടെന്നും ടൂറിസം സെക്രട്ടറി തുടർന്നറിയിച്ചു.

അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും എന്ന ശീർഷകത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും, അവ മെച്ചപ്പെടുത്തുന്നതിനുമായി അധികമായി 4300 ലക്ഷം ആവശ്യമുള്ളതായി ടൂറിസം സെക്രട്ടറി വ്യക്തമാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിലവിലെ പെൻഡിംഗ് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 'സ്വദേശ് ദർശൻ', 'പ്രസാദ്' എന്നീ പദ്ധതികളാണ് കേന്ദ്രാവിഷ്കൃത പദ്ധതികളായി ഉള്ളതെന്നും 'സ്വദേശ്' സ്കീമിലുൾപ്പെട്ട 3 പദ്ധതികൾക്കും ഭരണാനുമതി ലഭിച്ച് പ്രവർത്തനം തുടങ്ങിയെന്നും, പത്തനംതിട്ട-ഗവി, വാഗമൺ ഇക്കോ ടൂറിസം സർക്യൂട്ട് എന്നീ പദ്ധതികൾ ഇതിലുൾപ്പെടുന്നുവെന്നും 100 കോടി രൂപ ഇതിനായി അനുവദിച്ചുവെന്നും, പത്തനംതിട്ട-ഗവി പ്രോജക്ടിൽ വനം വകുപ്പിന്റെ രണ്ട് പദ്ധതികളുണ്ടെന്നും പ്രസ്തുത പദ്ധതികൾക്ക് വനം വകുപ്പിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് പ്രവർത്തനം തുടങ്ങാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നും പ്രസ്തുത

പദ്ധതികളുടെ Implementing Authority ടൂറിസം വകുപ്പാണെന്നും ടൂറിസം ഡയറക്ടർ സമിതിയെ അറിയിച്ചു.

പത്തനംതിട്ട-ഗവി പദ്ധതിയ്ക്കായി 9.5 കോടി രൂപയുടെ പ്രൊപ്പോസലാണ് വനം വകുപ്പിന് അനുവദിച്ചിരുന്നതെങ്കിലും, വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ടാണ് പ്രസ്തുത പദ്ധതി ഇതുവരെ നടപ്പിലാക്കാൻ സാധിക്കാത്തതെന്നും, പ്രസ്തുതതുക വക മാറ്റി വിനിയോഗിക്കുന്നതിനായി ഒരു പ്രോജക്റ്റ് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചുവെങ്കിലും, അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടും നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണെന്നും ടൂറിസം ഡയറക്ടർ തുടർന്നറിയിച്ചു

ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസിയും (എഫ്.ഡി.എ.) ടൂറിസം വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് സമിതി ആരാഞ്ഞതിന്, ഓരോ വനം ഡിവിഷനിലും ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി പ്രവർത്തിക്കുന്നുണ്ടെന്നും വന സംരക്ഷണ സമിതികളെ ഏകോപിപ്പിച്ചുകൊണ്ടാണ് ഓരോ ഡിവിഷൻ തലത്തിൽ എഫ്.ഡി.എ.കൾ പ്രവർത്തിക്കുന്നതെന്നും എഫ്.ഡി.എ.യുടെ Implementing Officer ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസറാണെന്നും ഗവൺമെന്റ് തലത്തിൽ രൂപീകരിക്കുന്നതാണ് എഫ്.ഡി.എ. എന്നും, ഇതിലേയ്ക്ക് കേന്ദ്ര ഫണ്ട് നേരിട്ട് ലഭിക്കുന്നുണ്ടെന്നും ഇക്കോ-ടൂറിസം പദ്ധതികളിൽ പല പദ്ധതികളും വനം വകുപ്പ് നടപ്പിലാക്കുന്നത് ഇക്കോ-ടൂറിസം ഡയറക്ടറേറ്റിൽ നിന്ന് എഫ്.ഡി.എ.യ്ക്ക് നൽകിക്കൊണ്ടാണെന്നും വി.എസ്.എസ്. നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളിൽ നിന്നാണ് എഫ്.ഡി.എ.യ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സ് ലഭിക്കുന്നതെന്നും, തെന്മല ഇക്കോ ടൂറിസം പദ്ധതി ഇതിന് നല്ലൊരു ഉദാഹരണമാണെന്നും ടൂറിസം ഡയറക്ടർ വ്യക്തമാക്കി.

ബഹു. വനം മന്ത്രിയുടെ സാന്നിധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുമായി പെൻഡിംഗ് വിഷയങ്ങൾ ചർച്ച ചെയ്തിരുന്നുവെന്നും, കുറെയധികം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചുവെന്നും ഇത്തരത്തിൽ വനം വകുപ്പുമന്ത്രിയേയും ബന്ധപ്പെട്ട രണ്ടു വകുപ്പിലെയും സെക്രട്ടറിമാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് കൂടി ചേരുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും യോഗ അദ്ധ്യക്ഷൻ അറിയിച്ചു.

ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് എന്തെങ്കിലും പദ്ധതികളോ, പ്രോപ്പോസലുകളോ ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ എന്നുള്ള നിലയിൽ നിലവിൽ തീർത്ഥാടന ടൂറിസവും അതുമായി ബന്ധപ്പെട്ട ഏതാനും ചില പദ്ധതികളും മാത്രമാണുള്ളതെന്നും പുതിയ പദ്ധതികളെല്ലാം ശബരിമല ക്ഷേത്രം, ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം എന്നിങ്ങനെ മൂന്ന് പദ്ധതികളുമായി ബന്ധപ്പെട്ടതാണെന്നും, ശ്രീനാരായണ ഗുരുവിന്റെ

സമാധി സ്ഥലമായ വർക്കലയുമായി ബന്ധപ്പെടുത്തി അരുവിപ്പുറം വരെയുള്ള ഒരു സർക്യൂട്ട് പദ്ധതി അംഗീകരിച്ചുവന്നിട്ടുണ്ടെന്നും, ഇതു കൂടാതെ കാലടി, മലയാറ്റൂർ, റിവർ ടൂറിസം എന്നിവയും കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും അദ്ധ്യക്ഷൻ വ്യക്തമാക്കി.

ക്രിസ്ത്യൻ, മുസ്ലീം പള്ളികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതികളുടെ ആശയം മാത്രമേ തയ്യാറായിട്ടുള്ളുവെന്നും മലയാറ്റൂർ പള്ളി ഒഴികെ മറ്റ് പല പള്ളികളും ഈ പദ്ധതിയുമായി സഹകരിക്കാൻ തയ്യാറല്ലെന്ന പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും, കൂടാതെ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും അദ്ധ്യക്ഷൻ വിശദീകരിച്ചു.

കേരളത്തിന്റെ ഉടമസ്ഥതയിലുള്ള തെങ്കാശി താലൂക്കിൽ സ്ഥിതിചെയ്യുന്ന കുറ്റാലം രാജകൊട്ടാരവും, വെള്ളച്ചാട്ടവും അനുബന്ധ സ്ഥലവും പി.ഡബ്ല്യൂ.ഡി.യുടെ കീഴിലാണെന്നും, കുറ്റാലം പാലസ് വളരെയധികം ആളുകളെ ആകർഷിക്കുന്ന വിനോദസഞ്ചാര കേന്ദ്രമാണെന്നും, പി.ഡബ്ല്യൂ.ഡി.യുമായി ചർച്ച ചെയ്ത് ടൂറിസം വകുപ്പ് പ്രസ്തുത പാലസ് ഏറ്റെടുത്ത് നവീകരണ പ്രവർത്തനങ്ങൾ നടത്തി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റി രാജാവിന്റെ പേരിലുള്ള പ്രസ്തുത കൊട്ടാരത്തെ ഒരു സംരക്ഷിത സ്മാരകമായി നിലനിർത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി.യുമായി കൂടിയാലോചന നടത്തി തീരുമാനമെടുക്കാമെന്ന് യോഗ അദ്ധ്യക്ഷൻ ഉറപ്പുനൽകി.

സ്വാതന്ത്ര്യ സമര ചരിത്രവുമായി ബന്ധമുള്ള 'മമ്പുറം പള്ളി' തീർത്ഥാടന ടൂറിസത്തിന് യോജിച്ച പള്ളിയാണെന്നും പ്രസ്തുത പള്ളിയെക്കുറിച്ച് പഠിച്ചശേഷം പ്രസാദ് സ്കീമിലേയ്ക്ക് നിർദ്ദേശിക്കാവുന്നതാണെന്നും സമിതി ചൂണ്ടിക്കാട്ടി. ക്രിസ്ത്യൻ ആരാധനാലയങ്ങളെയെല്ലാം ബന്ധിപ്പിച്ചുകൊണ്ട് ഒരു തീർത്ഥാടന സർക്യൂട്ട് രൂപീകരിക്കാവുന്നതാണെന്നും, പല ക്രിസ്ത്യൻ ആരാധനാലയങ്ങളും ഇതിന് താൽപ്പര്യം കാണിക്കുന്നില്ലെന്നും, പക്ഷേ അമ്പലങ്ങൾ ഗവൺമെന്റിന്റെ നടപടികളെ സ്വാഗതം ചെയ്യുന്നുവെന്നും പള്ളിയുടെ പ്രോപ്പർട്ടിയിൽ ഗവൺമെന്റ് ഫണ്ട് മുടക്കുന്നതിനെ ചില പള്ളിക്കമ്മിറ്റികൾ ചോദ്യം ചെയ്യുന്നുവെന്നും യോഗ അദ്ധ്യക്ഷൻ മറുപടിയായി വിശദീകരിച്ചു.

ഇൻഡ്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായുള്ള മമ്പുറം പള്ളി, കൊടുങ്ങല്ലൂർ ചേരമാൻ പെരുമാൾ പള്ളി എന്നിവയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഏകാംഗ കമ്മീഷനെ ചുമതലപ്പെടുത്താമെന്നും, ഈ പള്ളികൾ കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടിന് സാധ്യതയുണ്ടാകുമോ എന്നതു സംബന്ധിച്ച് പഠിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാമെന്നും സമിതി യോഗ അദ്ധ്യക്ഷൻ അറിയിച്ചു.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി വ്യാപന കേന്ദ്രങ്ങൾ എന്ന ശീർഷകത്തിൽ കഴിഞ്ഞ പ്രാവശ്യം വകയിരുത്തിയിരുന്ന 5.20 കോടി രൂപ ഇത്തവണ 2.40 കോടി രൂപയായി കുറഞ്ഞതിന്റെ കാരണം സമിതി ആരാഞ്ഞതിന്, കഴിഞ്ഞ വർഷത്തെ തുക വിനിയോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷം 2.40 കോടി രൂപ ബഡ്ജറ്റ് വിഹിതമായി നിശ്ചയിച്ചതെന്നും, കഴിഞ്ഞ വർഷത്തെ മുഴുവൻ തുകയും വിനിയോഗിച്ചുവെങ്കിലും, സർക്കാർ ഉത്തരവ് ഇറങ്ങാൻ താമസം നേരിട്ടതിനാലും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ചില തടസ്സങ്ങൾ കാരണവുമാണ് യഥാസമയം ധനവിനിയോഗം സാദ്ധ്യമാകാതിരുന്നതെന്നും, 5.20 കോടി രൂപയും ആവശ്യമുള്ളതാണെന്നും, ആയതിനാലാണ് അധികമായി 300 ലക്ഷം രൂപ ആവശ്യപ്പെടുന്നതെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

ഒരു പ്രാവശ്യം ബഡ്ജറ്റ് വിഹിതം കുറഞ്ഞുപോയാൽ പിന്നീട് അത് ശരിയാക്കുവാൻ വളരെ പ്രയാസമുള്ള കാര്യമായതിനാൽ ആ പണം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ എത്രയും വേഗം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

മൂന്നാറിലെ ടൂറിസം ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നത് ഒരു പെട്ടിക്കട പോലെയുള്ള കെട്ടിടത്തിലാണെന്നും വിദേശികൾക്കും, സഞ്ചാരികൾക്കും ഇരിക്കുവാൻപോലും സൗകര്യമില്ലായെന്നും, ഉപയോഗയോഗ്യമായ ശുചിമുറി പോലും പ്രസ്തുത കെട്ടിടത്തിലില്ലെന്നും സമിതിയംഗം ചൂണ്ടിക്കാട്ടി. നിലവിലുള്ള സെന്റർ പ്രവർത്തിക്കുന്ന ഭൂമിയെ സംബന്ധിച്ച് ചില തർക്കങ്ങൾ നിലവിലുണ്ടെന്നും, ടൂറിസം ഡയറക്ടർ പ്രസ്തുത തർക്കങ്ങൾ പരിഹരിച്ച് ടൂറിസം ഇൻഫർമേഷൻ സെന്റർ വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു

മൂന്നാറിലെ ടൂറിസം ഇൻഫർമേഷൻ സെന്റർ വിപുലപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടെന്ന് ടൂറിസം ഡയറക്ടർ മറുപടി നൽകി. ആയതിന് പ്രസ്തുത സെന്റർ നിലനിൽക്കുന്നിടത്ത് സ്ഥലമില്ലെന്നും, പ്രസ്തുത ഗസ്റ്റ് ഹൗസിന്റെ പുറകുവശത്ത് 1½ ഏക്കറോളം സ്ഥലമുണ്ടെന്നും, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർമാനായ ജില്ലാ കളക്ടറുമായി സംസാരിച്ചതിൽ നിന്നും മൂന്നാറിൽ ഭൂമിയുമായി ബന്ധപ്പെട്ട് തർക്ക വിഷയങ്ങൾ നിലനിൽക്കുന്നതിനാൽ പുതിയ പ്രൊപ്പോസലുകൾ ഏറ്റെടുക്കാൻ ടൂറിസം വകുപ്പിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, അങ്ങനെ യാതൊരു പ്രശ്നവുമില്ലെന്നും മൂന്നാറിൽ ഇത്തവണ നീലക്കുറിഞ്ഞി ഫെസ്റ്റിവൽ ഉള്ളതുകൊണ്ട് 7 കോടി ചെലവഴിച്ച് വലിയ ബൊട്ടാണിക്കൽ ഗാർഡൻ പണിയുന്നുണ്ടെന്നും, കൂടാതെ പാർക്കിംഗിനുവേണ്ടി 4.5 കോടി രൂപയുടെ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും, ഈ രണ്ട് പ്രൊപ്പോസലുകളും, സ്ഥലം ലഭ്യമാകാത്തതുകൊണ്ടാണ് തുടങ്ങാൻ പറ്റാത്തതെന്നും, ഗസ്റ്റ് ഹൗസിന്റെ കാര്യത്തിലും സ്ഥലത്തിന്റെ ലഭ്യതയാണ് പ്രശ്നമെന്നും ടൂറിസം ഡയറക്ടർ മറുപടി നൽകി.

മേല്പറഞ്ഞതിൽ ചെറിയൊരു അപാകതയുണ്ടെന്നും 14 ഏക്കർ ഭൂമി ഈ സർക്കാർ നിലവിൽ വരുന്നതിന് മുൻപ് തന്നെ കൈമാറിയിരുന്നുവെന്നും ഡി.റ്റി.പി.സി.യുടെ ഉടമസ്ഥതയിലാണ് പ്രസ്തുത പ്രദേശമെന്നും, അവിടെയാണ് പാർക്കിംഗ് ഏരിയ ഉൾപ്പെടെയുള്ള പദ്ധതികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നും ഇതെല്ലാം ഒറ്റ ലൊക്കേഷനിലാണെന്നും ഭൂമിയുടെ പ്രശ്നമൊന്നും ഈ പദ്ധതികൾക്ക് ബാധകമല്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചുവെങ്കിലും ഡിപ്പാർട്ട്മെന്റ് പ്രസ്തുത റിപ്പോർട്ട് ട്രാൻസ്ഫർ ചെയ്തിട്ടില്ലെന്നും, ട്രാൻസ്ഫർ ചെയ്യേണ്ട ആവശ്യമില്ലെന്നും, എൻ.ഒ.സി. നൽകിയാൽ മതിയെന്നും സമിതി വ്യക്തമാക്കി.

പെർമിസീവ് സാങ്ഷൻ മാത്രം നൽകിയാൽ മതിയെന്നും വകുപ്പുമായി ബന്ധപ്പെട്ട് ഏകദേശം ആയിരത്തോളം പ്രോജക്ടുകൾ ചെയ്തുവെങ്കിലും ഒരു പ്രാവശ്യം പോലും ട്രാൻസ്ഫർ ചെയ്തിട്ടില്ലെന്നും, സമിതി അഭിപ്രായപ്പെട്ടതുപോലെ ലഭ്യമായ കത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയിട്ടുണ്ടെന്നും പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും ടൂറിസം ഡയറക്ടർ മറുപടി നൽകി. കൂടാതെ ഇൻഫർമേഷൻ സെന്ററിന്റെ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നും അദ്ദേഹം സമിതിക്ക് ഉറപ്പുനൽകി.

ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് സമിതിയംഗം ആരാഞ്ഞതിന് പ്രസ്തുത വിഷയം സംബന്ധിച്ച് വളരെ മുൻപ് തന്നെ തീരുമാനമെടുക്കുകയും നോട്ടിഫിക്കേഷൻ നടത്തുകയുണ്ടായെന്നും അദ്ധ്യക്ഷൻ വ്യക്തമാക്കി.

എന്നാൽ എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും ഡി.എം.സി. പ്രവർത്തിക്കുന്നില്ലെന്ന് ടൂറിസം ഡയറക്ടർ സമിതിയെ അറിയിച്ചു

സാധ്യതയുള്ള ഡെസ്റ്റിനേഷനുകളിൽ മാത്രമാണ് ഡി.എം.സി. രൂപീകരിക്കുന്നതെന്നും, ബാക്കിയുള്ള സ്ഥലങ്ങളിൽ എം.എൽ.എ.മാരുടെ നേതൃത്വത്തിലുള്ള നിയോജകമണ്ഡലം മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ വിലയിരുത്തുകയാണ് ചെയ്യുന്നതെന്നും അദ്ധ്യക്ഷൻ വ്യക്തമാക്കി.

കാലടിയിലും, മലയാറ്റൂരുമുള്ള ഡി.റ്റി.പി.സി.യുടെ ഗസ്റ്റ് ഹൗസുകൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാമെന്ന് അദ്ധ്യക്ഷൻ അറിയിച്ചു. കൂടാതെ വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് പ്രസ്തുത സ്ഥലം സന്ദർശിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

താഴെ പറയുന്ന ശീർഷകങ്ങളിൽ ആവശ്യപ്പെട്ട അധിക തുകകൾ അനുവദിക്കണ മെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും

കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാര അനുഭവം നൽകുന്നതിനായി, വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതോടൊപ്പം അവ മികച്ച രീതിയിൽ പരിപാലിക്കുന്നതിനും വിഭാവനം ചെയ്യുന്ന പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റ് സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും

പൗരാണിക മൂല്യമുള്ള അതിഥി മന്ദിരങ്ങളുടെ നിലനിൽപ്പിനും പരിപാലനത്തിനും അതോടൊപ്പം പുതുതായി നിർമ്മിക്കുന്ന ഗസ്റ്റ് ഹൗസുകളുടെ പണി പൂർത്തിയാക്കുന്ന തിനുമായി ഈ നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 3800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3452-80-104-98-34—ടൂറിസം വിപണനവും പ്രോത്സാഹനവും-മറ്റു ചെലവുകൾ

2017-ലെ കേരള വിനോദസഞ്ചാര നയം ഉൾക്കൊണ്ടുകൊണ്ട് വിവിധ വിദേശ രാജ്യങ്ങളിലെ വിപണി ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനും കേരള ടൂറിസം പ്രചരണം ശക്തിപ്പെടുത്തുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-800-78—കിറ്റ്സ്, എഫ്.സി.ഐ, എസ്.ഐ.എച്ച്.എം. എന്നീ സ്ഥാപനങ്ങളിലൂടെ ടൂറിസത്തിന് വേണ്ടിയുള്ള മാനുഷിക വിഭവ ശേഷി വികസനം

(02)-സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.)

(03)- ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ.)

വിനോദസഞ്ചാര മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നിരവധി കോഴ്സുകൾ നടത്തുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ കോഴിക്കോട് പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനും കോട്ടയത്ത് പുതിയ കെട്ടിടം പണിയുന്നതിനും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി കോഴിക്കോട് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 995 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3452-80-800-90(26)-33—<u>സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം-സബ്സിഡികൾ</u>

ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവേദ ഹോം സ്റ്റേ സംരംഭകർക്ക് വിദേശവും സ്വദേശീയവുമായ വിപണന സഹായം, ടൂറിസം രംഗത്ത് ഇൻവെസ്റ്റേഴ്സിനെ പ്രൊമോട്ട് ചെയ്യുന്നതിനായി യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് / ഇലക്ട്രിസിറ്റി സബ്സിഡികൾ എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 3800 ലക്ഷം രൂപ അധികമായി അനുവദിക്ക്ണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3452-01-103-99-04-1—<u>ഗതാഗതം - യാത്രാചെലവുകൾ-യാത്രാബത്ത</u>

ആലുവ ഗസ്റ്റ് ഹൗസിലെ ഷോഫർമാരുടെ മുൻകാലങ്ങളിലെ യാത്രാബത്ത കുടിശ്ശിക നൽകുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ടൂറിസം വകുപ്പിനു കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും ഇന്ധനം വാങ്ങുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നയിനത്തിൽ 3.00 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 22.20 ലക്ഷം രൂപയും പി.ഓ.എൽ. ഇനത്തിൽ 57.17 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3452-80-001-99-02—<u>ഭരണവും നടത്തിപ്പും-വേതനം</u>

പാർട്ട് ടൈം കണ്ടിൻജന്റ് ദിവസവേതന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

11 ജില്ലാ ആഫീസുകളിലെ യാത്രാബത്ത, ടെലഫോൺ ചാർജ്ജ് എന്നീ ശീർഷകങ്ങളിൽ നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ജില്ലാആഫീസുകൾ-യാത്രാചെലവുകൾ എന്നയിനത്തിൽ 1.20 ലക്ഷം രൂപയും ടെലഫോൺ ചെലവ് എന്നയിനത്തിൽ 70,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3452-80-001-95-24—<u>ഗസ്റ്റ് ഹൗസുകളും യാത്രീ നിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും, സാധനസാമഗ്രികൾ</u>

ടൂറിസം വകുപ്പിന്റെ ഗസ്റ്റ് ഹൗസുകളിലും യാത്രീനിവാസുകളിലും സാധനസാമഗ്രികൾ വാങ്ങുന്നതിനായി വകകൊള്ളിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3452-80-800-35—<u>ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി -വ്യാപനകേന്ദ്രങ്ങൾ</u>

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും അനുബന്ധ വ്യാപന കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക, ട്രെയിനിംഗ് ചെലവ്, ഗ്രാറ്റുവിറ്റി, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ അത്യന്താപേക്ഷിതമായ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3452-80-800-88 - 02—<u>ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻററുകൾ-വേതനം</u>

05-3 - <u>ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്</u>

ഇൻഫർമേഷൻ സെന്ററുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും ടെലഫോൺ ചെലവിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വേതന ഇനത്തിൽ 7 ലക്ഷം രൂപയും ടെലഫോൺ ചെലവിനത്തിൽ 4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിനോദസഞ്ചാരികൾക്ക് നിലവാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ അനാരോഗ്യ പ്രവണതകൾ നിരോധിക്കുന്നതിനുമായി, ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 'ടൂറിസം റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിന് നിലവിൽ ശീർഷകം അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ പദ്ധതിയ്ക്കായി ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2018-19 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പമന്ത്രി പ്രഖ്യാപിച്ചിരുന്ന 'ടൂറിസം സംരംഭകത്വ ഫണ്ട്' രൂപീകരിക്കുന്നതിന് നിലവിൽ ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്കശേഷം 12.15-ന് അവസാനിച്ചു.

## 20-2-2018-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2018 ഫെബ്രുവരി 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം രാവിലെ 11.00-ന് പിരിഞ്ഞു.

1148/2018.

## 26-3-2018-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2018 മാർച്ച് 26-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം 3.45-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. കെ. എൻ.എ. ഖാദർ, എം.എൽ.എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി.

സമിതി, "വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം" എന്ന വിഷയം സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു:

1. വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും ഘടന സംബന്ധിച്ച വിശദാംശം വിവരണ രൂപത്തിൽ നിന്നും മാറ്റി പട്ടിക രീതിയിൽ ഇനം തിരിച്ച് രേഖപ്പെടുത്തുക.

2. 17-ാമത്തെ ഖണ്ഡിക പൂർണ്ണമായും 18-ാമത്തെ ഖണ്ഡികയുടെ പ്രാരംഭം മുതൽ '................ ഇത് നിലവിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനത്തിനും വിലയിരുത്തലിനും ഗുണകരമാകുമെന്നും കരുതുന്നു.' എന്നുവരെയുള്ള ഭാഗം ഒഴിവാക്കി ശേഷിക്കുന്ന ഭാഗം 19-ാമത്തെ ഖണ്ഡികയിൽ ഉൾപ്പെടുത്തി ഖണ്ഡിക പുനരക്കം ചെയ്യുക.

3. 23-ാമത്തെ ഖണ്ഡികയിലെ ശിപാർശയിലെ '1 കി.മീ. പരിധി' എന്നതിനു പകരം 'പ്രാദേശിക ഘടനയ്ക്കനുസൃതമായി ദൂരപരിധി' എന്നാക്കുക.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏൽപ്പിക്കുന്ന അക്രഡിറ്റഡ് ഏജൻസിയായി വി.എസ്.എസ്.കളെ കൂടി ഉൾപ്പെടുത്തണമെന്ന ശിപാർശ ഉൾപ്പെടുത്തുക.

5. 24-ാമത്തെ ഖണ്ഡികയിലെ 'വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ടും വനം വകുപ്പിന്റെ ഫണ്ടും വിനിയോഗിക്കുന്നതിനുള്ള സാധ്യത' എന്നത് 'വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എം.പി./എം.എൽ.എ. ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും, വനം വകുപ്പിന്റെ ഫണ്ടും വിനിയോഗിക്കുന്നതിനുള്ള സാധ്യത' എന്നാക്കുക.

6. 27-ാമത്തെ ഖണ്ഡിക ഒഴിവാക്കുക.

7. 34-ാമത്തെ ഖണ്ഡികയിലെ ആദ്യത്തെ വരിയിലെ 'പതിനാല് ജില്ലാ ഓഫീസർമാരും' എന്നത് 'പതിനാല് വകുപ്പ് ജില്ലാ ഓഫീസർമാരും' എന്നാക്കുക.

8. 33-ാമത്തെ ഖണ്ഡികയിൽ രണ്ടാമത്തെ വരിയിലെ 'ട്രൈബൽ കോളനികളിൽ റോട്ടറി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും' എന്നത് 'ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ച്, ട്രൈബൽ കോളനികളിൽ റോട്ടറി മെഷീൻ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും' എന്നാക്കുക.

യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.